2023
OCTOBER
26
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## യുഎസിലെ ലൂവിസ്റ്റനിൽ കായിക കേന്ദ്രത്തിൽ വെടിവയ്പ്പ്; മരണം 22, അറുപതോളം പേർക്ക് പരുക്ക്

**വാഷിങ്ടൻ:** യുഎസിലെ മെയ്ൻ സംസ്ഥാനത്ത് ലൂവിസ്റ്റനിലുണ്ടായ വെടിവയ്പ്പിൽ 22 പേർ കൊല്ലപ്പെട്ടതായി പ്രാഥമിക റിപ്പോർട്ട്. ഒന്നിലേറെ സ്ഥലത്ത് വെടിവയ്പ്പുണ്ടായതായാണ് വിവരം. വെടിവയ്പ്പിൽ എൺപതോളം പേർക്കു പരുക്കേറ്റതായും റിപ്പോർട്ടുണ്ട്. പ്രാദേശിക സമയം ബുധനാഴ്ച രാത്രിയാണ് വ്യാപക വെടിവയ്പ്പുണ്ടായത്.

മുൻ സൈനികൻ റോബർട്ട് കാഡ് (40) എന്നയാളാണ് അക്രമിയെന്നും ഇയാൾ മനോരോഗത്തിനു ചികിത്സയിലായിരുന്നുവെന്നും തിരിച്ചറിഞ്ഞതായി പൊലീസ് അറിയിച്ചു. 2019നു ശേഷം യുഎസിൽ ഏറ്റവും അധികം ആളുകൾ കൊല്ലപ്പെട്ട വെടിവയ്പാണിത്. വീടുകളിൽനിന്ന് ആളുകൾ പുറത്തിറങ്ങരുതെന്നു പൊലീസ് ജാഗ്രതാ നിർദേശം നൽകി.

ലൂവിസ്റ്റനിലെ കായിക കേന്ദ്രത്തിൽ ഒരു ബോളിങ് അലിയിലാണ് ആദ്യം വെടിവയ്പ്പുണ്ടായതെന്ന് രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇതിനു പിന്നാലെ ഒരു ബാറിലും വാൾമാർട്ട് വിതരണ കേന്ദ്രത്തിലും വെടിവയ്പ്പുണ്ടായതായും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അക്രമിയുടെ ചിത്രം അധികൃതർ പുറത്തുവിട്ടു

## ഫ്ളിപ്കാർട്ടിൻെറ നഷ്ടത്തിൽ വൻ വർധന




**ബംഗളൂരു:** ഇകൊമേഴ്സ് കമ്പനിയായ ഫ്ളിപ്കാർട്ടിൻറെ 202223 സാമ്പത്തിക വർഷത്തിലെ സംയോജിത നഷ്ടം 4,890.6 കോടി രൂപ. ബിസിനസ് ഇൻറലിജൻസ് പ്ലാറ്റ്ഫോമായ ടോഫ്ളർ പുറത്തുവിട്ട കണക്കുകൾ പ്രകാരമാണിത്.

അമെരിക്കൻ കമ്പനിയായ വാൾമാർട്ട് ഗ്രൂപ്പിന് മുഖ്യ ഓഹരി പങ്കാളിത്തമുള്ള ഇകൊമേഴ്സ് സ്ഥാപനമായ ഫ്ളിപ്കാർട്ട് 2021 22 സാമ്പത്തിക വർഷത്തിൽ 3,371.2 കോടി രൂപയുടെ സംയോജിത നഷ്ടമാണ് രേഖപ്പെടുത്തിയിരുന്നത്. അതുമായി നോക്കുമ്പോൾ 44 ശതമാനം വർധനയാണ് കഴിഞ്ഞ വർഷം നഷ്ടത്തിലുണ്ടായിരിക്കുന്നത്.

ഇക്കാലയളവിൽ കമ്പനിയുടെ അറ്റ നഷ്ടം 4,839.3 കോടി രൂപയായി. പ്രവർത്തന കാലയളവിൽ കമ്പനിയുടെ മൊത്ത വരുമാനം 9.4 ശതമാനം വർധിച്ച് 56,012.8 കോടി രൂപയായി. മുൻ സാമ്പത്തിക വർഷം ഇത് 51,176 കോടി രൂപയായിരുന്നു. കമ്പനിയുടെ മൊത്തം ചെലവ് ഇക്കാലയളവിൽ 60,858 കോടി രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രവർത്തന ഫലങ്ങളെക്കുറിച്ച് കമ്പനിയിൽ നിന്ന് ഔദ്യോഗിക പ്രതികരണമൊന്നും ലഭിച്ചിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

ഉത്സവകാല ഷോപ്പിങ്ങിൽ കൂടുതൽ നേട്ടമുണ്ടാക്കാൻ ഫ്ളിപ്കാർട്ട് വിഐപി എന്ന പുതിയൊരു സബ്സ്ക്രിപ്ഷൻ പദ്ധതി ഈ മാസം ആദ്യം അവതരിപ്പിച്ചിരുന്നു. 499 രൂപയുടെ മെംബർഷിപ്പ് എടുക്കുന്നവർക്ക് അതത് ദിവസം ഡെലിവറി, 48 മണിക്കൂറിനുള്ളിൽ റിട്ടേൺ, 499 രൂപ വിലയുള്ള ഗിഫ്റ്റ് ബോക്സ് തുടങ്ങിയ സൗകര്യങ്ങൾ ഇതുവഴി ലഭ്യമാക്കുന്നുണ്ട്. കൂടാതെ എല്ലാ പർച്ചേസുകൾക്കും 5 ശതമാനം സൂപ്പർ കോയിൻസ് ഓഫറും അവതരിപ്പിച്ചിട്ടുണ്ട്.

## ഡിസ്നിയെ ഏറ്റെടുക്കാൻ റിലയൻസ്

**മുംബൈ:** ഡിസ്നി ഇന്ത്യയുടെ മേജർ ഓഹരികൾ മുകേഷ് അംബാനിയുടെ നിയന്ത്രണത്തിലുള്ള റിലയൻസ് ഇൻഡസ്ട്രീസിന് വിൽക്കാൻ വാൾട്ട് ഡിസ്നി ഒരുങ്ങുന്നതായി റിപ്പോർട്ട്. ഇതുസംബന്ധിച്ച ചർച്ചകൾ പുരോഗമിക്കുകയാണ്. റിലയൻസ് ഏറ്റെടുത്താലും ന്യൂനപക്ഷ ഓഹരി വിഹിതം ഡിസ്നി സ്റ്റാറിൽ നിലനിർത്തിയേക്കുമെന്നും റിപ്പോർട്ടുണ്ട്. റിലയൻസ് ജിയോ ടിവി, ജിയോ സിനിമ ഒടിടി പ്ലാറ്റ്ഫോമുകൾ ഡിസ്നി ഇന്ത്യയുടെ സ്ട്രീമിങ് പ്ലാറ്റ്ഫോമായ ഹോട്ട്സ്റ്റാറിനെ പ്രതിസന്ധിയിലാക്കിയതായി റിപ്പോർട്ടുകൾ വന്നിരുന്നു. പിന്നാലെയാണ് ഡിസ്നി നിയന്ത്രിത ഓഹരികൾ വിറ്റഴിച്ചേക്കുമെന്ന വാർത്തകൾ വരുന്നത്. വാൾട്ട് ഡിസ്നിക്കു നിയന്ത്രണമുള്ള ഡിസ്നി സ്റ്റാർ ബിസിനസിൻറെ ഓഹരിയാണ് റിലയൻസിന് വിൽക്കാൻ ഒരുങ്ങുന്നത്.

# ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ജപ്പാനെയും ജർമനിയെയും മറികടക്കും

**ഏഷ്യയിൽ രണ്ടാം സ്ഥാനത്തേക്കും ലോകത്ത് മൂന്നാം സ്ഥാനത്തേക്കും ഉയരും**

കൊച്ചി: ലോകത്തിലെ അഞ്ചാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായ ഇന്ത്യ, ജപ്പാനെയും ജർമനിയെയും മറികടന്ന് മൂന്നാമതെത്തുമെന്ന് റിപ്പോർട്ട്. 2030ഓടെ 7.3 ലക്ഷം കോടി ഡോളറായിരിക്കും ഇന്ത്യയുടെ ജിഡിപി എന്ന് എസ്&പി ഗ്ലോബൽ മാർക്കറ്റ് ഇൻറലിജൻസ് പിഎംഐയുടെ ഏറ്റവും പുതിയ ലക്കത്തിൽ പറയുന്നു.

തുടർച്ചയായ രണ്ട് വർഷത്തെ (2021ലും 2022ലും) ദ്രുത സാമ്പത്തിക വളർച്ചയ്ക്ക് ശേഷം, 2023ലും ഇന്ത്യൻ സമ്പദ്ഘടന ശക്തമായ വളർച്ചയാണ് പ്രകടമാക്കുന്നത്. 2024 മാർച്ചിൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം (ജിഡിപി) 6.26.3 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. ഈ സാമ്പത്തിക വർഷം ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയാണിത്. ഏഷ്യയിലെ മൂന്നാമത്തെ വലിയ സമ്പദ്ഘടന ഏപ്രിൽജൂൺ പാദത്തിൽ 7.8 ശതമാനം വളർച്ച നേടിയിട്ടുണ്ട്.

കഴിഞ്ഞ ദശകത്തിൽ ഇന്ത്യയിലേക്കുള്ള നേരിട്ടുള്ള വിദേശ നിക്ഷേപത്തിൻറെ ഒഴുക്കുണ്ടായത് ഇന്ത്യൻ സമ്പദ്ഘടനയുടെ ദീർഘ



കാല വളർച്ചാ വീക്ഷണത്തെ പ്രതിഫലിപ്പിക്കുന്നു. ജനസംഖ്യാ പ്രൊഫൈലും അതിവേഗം ഉയരുന്ന നഗര കുടുംബ വരുമാനവും സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്ക് സഹായിച്ചു.

ഇന്ത്യയുടെ ജിഡിപി 2022ൽ 3.5 ലക്ഷം കോടി ഡോളറിൽ നിന്ന് 2030ഓടെ 7.3 ലക്ഷം കോടി ഡോളറായി ഉയരുമെന്നാണ് പ്രതീക്ഷ. ഈ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയുടെ പശ്ചാത്തലത്തിൽ 2030ഓടെ ഇന്ത്യൻ ജിഡിപി ജപ്പാനു മുന്നിലെത്തും. അതായത് ഏഷ്യയിലെ രണ്ടാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ ഉയരും. ചൈനയാണ് ഒന്നാമത്.

2022 ആയപ്പോഴേക്കും ഇന്ത്യൻ ജിഡിപിയുടെ വലുപ്പം യുകെയുടെയും ഫ്രാൻസിൻറെയും ജിഡിപിയെക്കാൾ വലുതായിക്കഴിഞ്ഞു. 2030ഓടെ ഇന്ത്യയുടെ ജിഡിപി ജപ്പാനെയും ജർമനിയെയും മറികടക്കുമെന്നാണ് പ്രവചനം.

25.5 ലക്ഷംകോടി ഡോളറിൻറെ ജിഡിപിയുള്ള യുഎസ് നിലവിൽ ലോകത്തിലെ ഏറ്റവും വലിയ സമ്പദ്‌വ്യവസ്ഥയാണ്. ഇത് ലോക ജിഡിപിയുടെ നാലിലൊന്ന് വരും. ലോക ജിഡിപിയുടെ ഏകദേശം 17.9 ശതമാനമായ 18 ലക്ഷം കോടി യുഎസ് ഡോളറിൻറെ ജിഡിപി വലുപ്പമുള്ള ചൈനയാണ് രണ്ടാമത്. നിലവിൽ 4.2 ലക്ഷം കോടി യുഎസ് ഡോളർ ജിഡിപിയുമായി ജപ്പാൻ മൂന്നാമതാണ്. ജർമനി നാലാമതും.

അതിവേഗം വളരുന്ന ഇന്ത്യൻ ആഭ്യന്തര ഉപഭോക്തൃ വിപണിയും അതിൻറെ വലിയ വ്യാവസായിക മേഖലയും ഇന്ത്യയെ വിശാലമായ നിക്ഷേപ കേന്ദ്രമാക്കി മാറ്റി. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഇന്ത്യയുടെ ഡിജിറ്റൽ പരിവർത്തനം ഇകൊമേഴ്സിൻറെ വളർച്ചയെ ത്വരിതപ്പെടുത്തുമെന്നാണ് പ്രതീക്ഷ.

2030ഓടെ, 110കോടി ഇന്ത്യക്കാർക്ക് ഇൻറർനെറ്റ് ആക്സസ് ഉണ്ടായിരിക്കും. ഇത് 2020ൽ കണക്കാക്കിയ 500 ദശലക്ഷം ഇൻറർനെറ്റ് ഉപയോക്താക്കളിൽ നിന്ന് ഇരട്ടിയിലധികം വരും.



# ഡിപി വേൾഡ് വികസനത്തിന്റെ അടുത്ത ഘട്ടത്തിലേക്ക്



**കൊച്ചി:** ഡിപി വേൾഡ് ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ (ഐസിടിടി) വികസനത്തിന്റെ അടുത്തഘട്ടത്തിലേക്ക്. ഇതിന്റെ ഭാഗമായി നാല് പുതിയ ഇലക്ട്രിക് ആർടിജി (റബ്ബർ ടയേർഡ് ഗാൻട്രി) ക്രെയിനുകൾ തുറമുഖത്തെത്തി. രാജ്യത്തെ പ്രമുഖ ട്രാൻഷിപ്മെന്റ് ടെർമിനൽ, ദക്ഷിണേന്ത്യയിലെ ഏറ്റവും സ്വീകാര്യമായ പ്രവേശനമാർഗം തുടങ്ങിയ ഇടക്കാല ലക്ഷ്യങ്ങൾ കൈവരിക്കാൻ ഐസിടിടിയുടെ വിപുലീകരണവും സുസ്ഥിരതയും ഉറപ്പാക്കുന്ന പുതുഘട്ടം വികസനപ്രവർത്തനങ്ങളിലൂടെ കഴിയും. 2030ഓടെ കാർബൺ ഡയോക്സൈഡ് പുറംതള്ളൽ 28 ശതമാനം കുറയ്ക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാനും ഇലക്ട്രിക് ആർടിജി ക്രെയിനുകൾ വിന്യസിക്കുന്നതിലൂടെ സാധ്യമാകും. പുതിയ നാലു ഇലക്ട്രിക് ആർടിജി ക്രെയിനുകൾക്കു പുറമെ ഡിസംബറിൽ രണ്ടു അതിനൂതന എസ് ടി എസ് (ഷിപ്പ് ടു ഷോർ) മെഗാ മാക്സ് ക്രെയിനുകളും എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൊച്ചി ഡിപി വേൾഡിന്റെ കാര്യക്ഷമത ഉയർത്തുന്നതിലും സുസ്ഥിരലക്ഷ്യങ്ങൾ നേടുന്നതിലും ഇവ നാഴികക്കല്ലായി മാറും.

പ്രവർത്തന മികവും ഉയർന്ന നിലവാരത്തിലുള്ള ഉപഭോക്തൃ സേവനവും ലക്ഷ്യമിട്ടാണ് കൊച്ചി ഡിപി വേൾഡ് നിരന്തരം യത്നിക്കുന്നതെന്ന് സിഇഒ പ്രവീൺ തോമസ് ജോസഫ് പറഞ്ഞു. പുതിയ ആർടിജി ക്രെയിനുകളുടെ വിന്യാസവും നിലവിലുള്ള ആർടിജികളുടെ സമ്പൂർണ്ണ വൈദ്യുതീകരണവും കാർബൺ വാതക പുറംതള്ളൽ ഗണ്യമായി കുറയ്ക്കുമെന്നത് സുസ്ഥിരതാ രംഗത്ത് ഡിപി വേൾഡിനു മുൻതൂക്കം നൽകും. ഇക്കൊല്ലം പുതിയ സർവ്വീസ് ലൈനുകൾ ആരംഭിക്കാൻ കഴിഞ്ഞു. പുതിയ ആർടിജി ക്രെയിനുകൾ ഇടപാടുകൾ കൂടുതൽ വേഗത്തിലാക്കുമെന്നും പ്രവീൺ തോമസ് ജോസഫ് പറഞ്ഞു.വിവിധ അന്താരാഷ്ട്ര തുറമുഖങ്ങളിലേക്കും രാജ്യത്തെ ഇരുതീരങ്ങളിലുമായി 12ലധികം തുറമുഖങ്ങളിലേക്കു നേരിട്ടും ഐസിടിടി സർവീസ് നടത്തുന്നുണ്ട്. മിഡിൽ ഈസ്റ്റ്, ഫാർ ഈസ്റ്റ്, യൂറോപ്പ്, മെഡിറ്ററേനിയൻ എന്നിവിടങ്ങളിലേക്കുള്ള സർവ്വീസുകൾ ഐസിടിടിയെ തെക്ക്, കിഴക്ക് ഇന്ത്യയിലെ ഏറ്റവും മികച്ച ടെർമിനലാക്കി മാറ്റുന്നു.

മേഖലയിലെ പാതിയിലേറെ ചരക്കുനീക്കവും ഐസിടിടി കേന്ദ്രമാക്കിയാണ്. ട്രാൻസ്ഷിപ്മെന്റ് വോളിയത്തിൽ ക്രമാനുഗത വളർച്ചയാണ് ഐസിടിടി കൈവരിക്കുന്നത്. സെപ്റ്റംബറിലെ കണക്കനുസരിച്ച് മേഖലയിലെ മൊത്തം ട്രാൻസ്ഷിപ്മെന്റ് വോളിയത്തിന്റെ 17 ശതമാനവും ഐസിടിടിക്ക് അവകാശപ്പെട്ടതായി. ഇത് തെക്കുകിഴക്ക് ഇന്ത്യയിലെ ഏറ്റവും വലിയ ട്രാൻസ്ഷിപ്മെന്റ് ടെർമിനലാക്കി ഐസിടിടിയെ മാറ്റുന്നു.



വർമ്മ ഹോംസിന്റെ ഏറ്റവും പുതിയ ലക്ഷ്വറി അപ്പാർട്ട്മെന്റ് പ്രൊജക്ട് വർമ്മ ക്രിസ്റ്റൽ ന്റെ കല്ലിടൽ തൃപ്പൂണിത്തുറ എസ്.എൻ ജംഗ്ഷനു സമീപമുള്ള പ്രൊജക്ട് സെന്ററിൽ നടന്ന ചടങ്ങിൽ വർമ്മ ഹോംസ് ഡയറക്ടർ ഡോ.മിനി വർമ്മ നിർവ്വഹിക്കുന്നു. അനിൽ വർമ്മ (മാനേജിംഗ് ഡയറക്ടർ വർമ്മ ഹോംസ്), കെ.എസ് ജിതേഷ് (സിനീയർ മാനേജർ,ഫിനാൻസ് ആന്റ് എച്ച്.ആർ) അഞ്ജലി ഹരീഷ് (സീനിയർ മാനേജർ.കസ്റ്റമർ കെയർ),ആന്റണി ജോ വർഗ്ഗീസ് (വാർഡ് കൗൺസിലർ),രേഖ പ്രമോദ്( സീനിയർ മാനേജർ,പർച്ചേസ്),ബിന്ദു നൈനാൻ (ജി.എം-പ്രോഡക്ട്) തുടങ്ങിയവർ സമീപം

## ആക്സിസ് ബാങ്കിൻെറ അറ്റാദായം 5,864 കോടി

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷത്തിൻറെ രണ്ടാം ത്രൈമാസത്തിൽ ആക്സിസ് ബാങ്ക് 5,864 കോടി രൂപ അറ്റാദായം കൈവരിച്ചു. മുൻവർഷം ഇതേ കാലയളവിൽ 5,330 കോടി രൂപയായിരുന്നു അറ്റാദായം.

ബാങ്കിൻറെ അറ്റ പലിശ വരുമാനം വാർഷിക അടിസ്ഥാനത്തിൽ 19 ശതമാനവും ത്രൈമാസ അടിസ്ഥാനത്തിൽ 3 ശതമാനവും വർദ്ധിച്ചിട്ടുണ്ട്.ഡിമാൻഡിലെ കുതിച്ചുചാട്ടം തങ്ങൾക്ക് ശുഭപ്രതീക്ഷ നൽകുന്നു. മെട്രോകളും നഗര കേന്ദ്രങ്ങളും മാത്രമല്ല ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും വസിക്കുന്ന ഭാരതത്തിൻറെ ഹൃദയഭാഗത്തേക്ക് ബിസിനസ്സ് എത്തിക്കുമെന്ന് ആക്സിസ് ബാങ്ക് എംഡി, സിഇഒ അമിതാഭ് ചൗധരി പറഞ്ഞു.ബാങ്കിൻറെ അറ്റ എൻപിഎ നില 0.36 ശതമാനം എന്ന നിലയിലും മൊത്തം എൻപിഎ 1.73 ശതമാനം എന്ന നിലയിലും ആണ്.

# സ്ട്രോക്ക് ബോധവൽക്കരണ ക്യാംമ്പയിനുമായി കിംസ്ഹെൽത്ത്



**തിരുവനന്തപുരം:** ലോക സ്ട്രോക്ക് ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണ ക്യാംമ്പയിന് തുടക്കം കുറിച്ച് തിരുവനന്തപുരം കിംസ്ഹെൽത്ത്. ആശുപത്രിയിലെ ന്യൂറോളജി വിഭാഗം നേതൃത്വം നൽകുന്ന ഒരാഴ്ച്ച നീണ്ടുനിൽക്കുന്ന പരിപാടികൾക്കാണ് കിംസ്ഹെൽത്തിൽ തുടക്കമായത്.

ചലച്ചിത്ര താരം നിക്കി ഗൽറാണി ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു. അനുദിനം വർധിച്ചു വരുന്ന സ്ട്രോക്ക് രോഗികളുടെ എണ്ണം മുൻനിർത്തി, പൊതുജനങ്ങൾക്കിടയിൽ സ്ട്രോക്കിനെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കേണ്ടത് പ്രധാനമാണെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് നിക്കി ഗൽറാണി പറഞ്ഞു. ബോധവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി ഒക്ടോബർ 28 ന് തലസ്ഥാനത്ത് മാനവീയം വീഥിയിൽ സംഘടിപ്പിക്കാനിരിക്കുന്ന സൈക്ലോത്തോണിന്റെ ലോഗോ അനാച്ഛാദനവും നിക്കി ഗൽറാണി നിർവഹിച്ചു.സമയമാണ് സ്ട്രോക്ക് പരിചരണത്തിൽ ഏറ്റവും നിർണായക ഘടകമെന്നും കൃത്യമസയത്ത് വിദഗ്ദ്ധ ചികിത്സ ഉറപ്പാക്കുന്നതിലൂടെ രോഗം ഭേദമാക്കാൻ സാധിക്കുമെന്നും കിംസ്ഹെൽത്ത് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം.ഐ സഹദുള്ള അധ്യക്ഷ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു.ന്യൂറോ ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റും ക്ലിനിക്കൽ ലീഡുമായ ഡോ. സന്തോഷ് ജോസഫ് സ്ട്രോക്ക് ദിന സന്ദേശം നൽകി. ചടങ്ങിൽ ന്യൂറോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ശ്യാംലാൽ എസ് സ്വാഗതവും ന്യൂറോളജി വിഭാഗം സീനിയർ കൺസൾട്ടന്റും കോർഡിനേറ്ററും ഡോ. സുരേഷ് ചന്ദ്രൻ സി.ജെ നന്ദിയും അറിയിച്ചു. ന്യൂറോ സർജറി കോർഡിനേറ്ററും സീനിയർ കൺസൾട്ടന്റുമായ ഡോ. അജിത് ആർ, ചടങ്ങിൽ പങ്കെടുത്തു.

## 5000 കോടിയുടെ വിറ്റുവരവ്; നേട്ടവുമായി നെസ്‌ലെ ഇന്ത്യ

**കൊച്ചി,:** സാമ്പത്തിക വർഷത്തിന്റെ മൂന്നാം പദത്തിൽ 5000 കോടിയുടെ ആകെ വിൽപനയുമായി നെസ്‌ലെ ഇന്ത്യ. കമ്പനിയുടെ ഡയറക്ടർ ബോർഡ് 2023 മൂന്നാം പാദ ഫലങ്ങൾ അംഗീകരിച്ചു. 908.1 കോടി രൂപയുടെ മൊത്ത ലാഭമാണ് കമ്പനി നേടിയിരിക്കുന്നത്.

ഒരു ഇക്വിറ്റി ഷെയറിന് 140 രൂപ എന്ന നിലയിൽ 1349.89 കോടി രൂപ 2023 ലെ രണ്ടാമത്തെ ഇടക്കാല ലാഭവിഹിതമായി ഡയറക്ടർ ബോർഡ് പ്രഖ്യാപിച്ചു. 2023 നവംബർ 16 മുതൽ ഓഹരി ഉടമകൾക്ക് ഈ ലാഭവിഹിതം ലഭിക്കും. 2023 മെയ് 8ന് അടച്ച ഓരോ ഇക്വിറ്റി ഷെയറിനും 27 രൂപ എന്ന ആദ്യ ഇടക്കാല ലാഭവിഹിതത്തിന് പുറമേയാണിത്.തങ്ങളുടെ എല്ലാ പ്രമുഖ ബ്രാൻഡുകളിലും വീണ്ടും സ്ഥിരതയാർന്ന പ്രകടനം കാഴ്ചവെക്കാൻ കഴിഞ്ഞുവെന്നത് പങ്കിടുന്നതിൽ എനിക്ക് സന്തോഷമുണ്ടെന്ന് നെസ്ലെ ഇന്ത്യ ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ സുരേഷ് നാരായണൻ പറഞ്ഞു. കമ്പനിയുടെ ചരിത്രത്തിലാദ്യമായി 5000 കോടി വരവെന്ന അപൂർവ്വ നേട്ടം കൈവരിക്കാൻ തങ്ങൾക്കു കഴിഞ്ഞുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



കോർപ്പറേറ്റ് ഇവന്റ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കാർ ബൂട്ട് സെയിൽ എന്ന വഴിയോരക്കച്ചവടത്തിന് അനുമതി നൽകരുതെന്നാവശ്യപ്പെട്ട് വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ജി.സി.ഡി.എ വളയൽ സമരത്തിന് മുന്നാടിയായി ചേർന്ന് സമര പ്രഖ്യാപന കൺവെൻഷൻ വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റ് എം.സി പോൾസൺ ഉദ്ഘാടനം ചെയ്യുന്നു. പ്രദീപ് ജോസ്,ജംഷീർ വാഴയിൽ,ടിജോ തോമസ്, തദേവൂസ്, എൻ. എ അഭിലാഷ്, വി.കെ അൻസാരി, കെസി അനസ്, വി.എ ഷിഹാബ്,ടെൻസൺ ജോർജ്ജ്, എസ്.എസ് സനോജ്, നടരാജ് കലൂർ, ജോർജ്ജ് ജെയിൻ, വി.യു ജലീൽ, ആർ.വി പ്രേം,ജിതിൻ തുടങ്ങിയവർ സമീപം

## കാർബൂട്ട് സെയിലിന് അനുമതി

# വ്യാപാരി വ്യവസായി ഏകോപന സമിതി യുവജന വിഭാഗം 30ന് ജി.സി.ഡി.എ വളയും

**കൊച്ചി:** വ്യാപാരികളുടെ ആശങ്ക പരിഹരിക്കാതെ കോർപ്പറേറ്റ് ഇവന്റ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കാർബൂട്ട് സെയിലിന് ഒത്താശ ചെയ്യുന്ന ജി.സി.ഡി.എയും കൊച്ചിൻ കോർപ്പറേഷനും നിലപാട് തിരുത്തണമെന്നാവശ്യപ്പെട്ട് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംങ് എറണാകുളം നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ വ്യാപാരികൾ പ്രക്ഷോഭം ആരംഭിക്കുന്നു. സമരത്തിന്റെ ആദ്യഘട്ടമായി ഒക്ടോബർ 30 ന് കടവന്ത്രയിലെ ജി.സി.ഡി.എ ഓഫിസ് ഉപരോധിക്കും. ഇതിനു മുന്നോടിയായി ചേർന്ന സമര പ്രഖ്യാപന കൺവെൻഷൻ വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റ് എം.സി പോൾസൺ ഉദ്ഘാടനം ചെയ്തു. വ്യാപാരികളുടെ വയറ്റത്തടിച്ച് കോർപ്പറേറ്റ് ഇവന്റ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കാർ ബൂട്ട് സെയിൽ എന്ന വഴിയോരക്കച്ചവടത്തിന് ഒത്താശ ചെയ്യാനാണ് ജി.സി.ഡി.എ ചെയർമാൻ കെ ചന്ദ്രൻപിള്ളയുടെ നിലപാടെങ്കിൽ ശക്തമായ പ്രക്ഷോഭവുമായി വ്യാപാരികൾ തെരുവിലിറങ്ങുമെന്ന് എം.സി പോൾസൺ വ്യക്തമാക്കി.

യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റ് പ്രദീപ് ജോസ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ജംഷീർ വാഴയിൽ, ട്രഷറർ ടിജോ തോമസ്, സിറ്റി നോർത്ത് യൂണിറ്റ് പ്രസിഡന്റ് തദേവൂസ്, എൻ. എ അഭിലാഷ്, വി.കെ അൻസാരി തുടങ്ങിയവർ സംസാരിച്ചു. കെസി അനസ്, വി.എ ഷിഹാബ്,ടെൻസൺ ജോർജ്ജ്, എസ്.എസ് സനോജ്, നടരാജ് കലൂർ, ജോർജ്ജ് ജെയിൻ, വി.യു ജലീൽ, ആർ.വി പ്രേം,ജിതിൻ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# അടിയന്തര ശസ്ത്രക്രിയ വിജയകരം; ബസപകടത്തിൽ ഗുരുതര പരിക്കേറ്റ നാല് വയസ്സുകാരിയ്ക്ക് പുതു ജീവൻ

**അങ്കമാലി:** സ്കൂൾ ബസ് തട്ടി ഗുരുതരമായി പരുക്കേറ്റ നാല് വയസ്സുകാരി കുന്നംകുളം സ്വദേശിനിയായ റിസ്വ ഫാത്തിമയുടെ അടിയന്തര ശസ്ത്രക്രിയ വിജയകരം. അപ്പോളോ അഡ്ലക്സ് ആശുപത്രി പീഡിയാട്രിക് വിഭാഗത്തിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തിയ അടിയന്തര ശസ്ത്രക്രിയയാണ് റിസ്വ ഫാത്തിമയെ കൈപിടിച്ചുയർത്തിയതെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കി.വീടിനു മുന്നിൽ വച്ചുണ്ടായ അപകടത്തിൽ, കുട്ടിയുടെ വാരിയെല്ലുകൾ പൊട്ടി ശ്വാസകോശത്തിന് സാരമായി ക്ഷതമേൽക്കുകയും ഇടുപ്പെല്ല് തകർന്ന് യോനീനാളത്തിൽ നിന്ന് അനിയന്ത്രിതമായ രക്തസ്രാവവും ഉണ്ടാവുകയുമായിരുന്നു. ഇതോടൊപ്പം നെഞ്ചിൽ രക്തം കട്ടപിടിക്കുകയും കരളിനും പ്ലീഹയ്ക്കും സാരമല്ലാത്ത പരുക്കും സംഭവിച്ചു. ഉടൻതന്നെ കുട്ടിയെ തൊട്ടടുത്തുള്ള ആശുപത്രിയിലെത്തിച്ചെങ്കിലും വിദഗ്ദ്ധ ചികിത്സയ്ക്കായി അപ്പോളോ അഡ്ലക്സ് ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു.

അസഹനീയമായ വേദനയാൽ എഴുന്നേൽക്കാനോ ഇരിക്കാനോ കഴിയാത്ത അവസ്ഥയിലാണ് റിസ്വ അത്യാഹിത വിഭാഗത്തിലെത്തുന്നത്. ഗുരുതരാവസ്ഥ കണക്കിലെടുത്ത് പീഡിയാട്രിക് സർജറി സീനിയർ കൺസൽട്ടൻറ് ഡോ. ജൂഡ് ജോസഫിന്റെ നേതൃത്വത്തിൽ കുട്ടിയെ അടിയന്തരമായി ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുകയായിരുന്നു. ശസ്ത്രക്രിയയിലൂടെ യോനീരക്തസ്രാവം നിയന്ത്രിക്കുകയും കൃത്യമായ പരിചരണത്തിലൂടെ വാരിയെല്ലിനും ഇടുപ്പെല്ലിനുമേറ്റ ഒടിവുകൾ ഭേദമാക്കുകയുമായിരുന്നു. തുടർന്ന് ഒരാഴ്ച്ച നീണ്ട ഐസിയുവിലെ വിദഗ്ദ്ധ പരിചരണത്തിന് ശേഷം കുട്ടിയെ വാർഡിലേക്ക് മാറ്റുകയും പൂർണ്ണ ആരോഗ്യം വീണ്ടെടുത്ത കുട്ടി ആശുപത്രി വിടുകയും ചെയ്തു.

റിസ്വ ഫാത്തിമയുടെ കേസ് വളരെ സങ്കീർണമായിരുന്നുവെന്നും വിവിധ വകുപ്പുകളുടെ ഏകോപനം അനിവാര്യമായിരുന്നുവെന്നും ഡോ. ജൂഡ് ജോസഫ് പറഞ്ഞു. ശ്വാസകോശം, പ്ലീഹ, കരൾ എന്നിവയിലെ പരിക്കുകൾ ശസ്ത്രക്രിയയിലൂടെയും കൃത്യമായ പരിചരണത്തിലൂടെയും ഭേദമാക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് വളരെയധികം സന്തോഷമുണ്ട്. ന്യൂമോണിയ വരാതെ ഇരിക്കാനുള്ള എല്ലാവിധ മുൻകരുതലും വൈദ്യ സംഘം എടുത്തിട്ടുണ്ടായിരുന്നു.

അദ്ദേഹം വ്യക്തമാക്കി.അപ്പോളോ അഡ്ലക്സ് ആശുപത്രിയിലെ ഡോക്ടർമാരുടെയും മറ്റ് മെഡിക്കൽ പ്രൊഫഷണലുകളുടെയും സമർപ്പണത്തെ അടയാളപ്പെടുത്തുന്നതാണ് റിസ്വ ഫാത്തിമയുടെ സാധാരണ ജീവിതത്തിലേക്കുള്ള മടക്കമെന്ന് ആശുപത്രി സിഇഒ സുദർശൻ ബി പറഞ്ഞു.



# സഫാരിയുടെയും ഹാരിയറിന്റെയും പുതിയ പതിപ്പുകൾ അവതരിപ്പിച്ച് ടാറ്റ മോട്ടോർസ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോഴ്സ് തങ്ങളുടെ ജനപ്രിയ മോഡലുകളായ സഫാരിയുടെയും ഹാരിയറിന്റെയും പുതിയ പതിപ്പുകൾ അവതരിപ്പിച്ചു. ഡിസൈനിലെ മാറ്റങ്ങളോടൊപ്പമുള്ള നിരവധി അത്യാധുനിക സാങ്കേതികവിദ്യകൾ പുതിയ സഫാരിയുടെയും ഹാരിയറിന്റെയും യാത്രാനുഭവം മെച്ചപ്പെടുത്തുന്നതായി കമ്പനി അധികൃതർ വ്യക്തമാക്കി. നാല് വ്യത്യസ്ത വകഭേദങ്ങളിലാണ് ഉപഭോക്താക്കളിലേക്ക് എത്തുന്നത്. പുതിയ സഫാരിക്ക് 16.19 ലക്ഷം രൂപയും ഹാരിയറിന് 15.49 ലക്ഷം രൂപയുമാണ് പ്രാരംഭ വിലയെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# റാഡോ ഗ്ലോബൽ ബ്രാൻഡ് അംബാസഡറായി കത്രീന കൈഫ്



**കൊച്ചി:** സ്വിസ് വാച്ച് നിർമ്മാതാക്കളായ റാഡോയുടെ ആഗോള ബ്രാൻഡ് അംബാസഡറായി ബോളിവുഡ് താരം കത്രീന കൈഫ്. ഡിസൈനിലും സാങ്കേതികത്തികവിലും പ്രശസ്തമായ റാഡോയ്ക്ക് ഏറ്റവും യോജിച്ച അംബാസഡറാണ് കത്രീനയെന്നു കമ്പനി വിലയിരുത്തുന്നു. ആഡംബരത്തെ പുനർനിർവ്വചിക്കുന്ന ഒരുമിച്ചുള്ള പ്രയാണമാണ് താരവുമായുള്ള പങ്കാളിത്തത്തിലൂടെ റാഡോ ലക്ഷ്യമിടുന്നത്.

സൗന്ദര്യവും ആഗോള സമ്മതിയും സ്വന്തമായ കത്രീനയെ റാഡോ കുടുംബത്തിലേക്ക് സ്വാഗതം ചെയ്യുന്നതിൽ ഏറെ ആഹ്ളാദവും അഭിമാനവുമുണ്ടെന്ന് സിഇഒ അഡ്രിയാൻ ബോഷാർഡ് പറഞ്ഞു. വാച്ച് നിർമ്മിക്കുന്നതിലെ ശ്രേഷ്ഠതയുടെ പേരിൽ ആഗോള പ്രശസ്തമായ റാഡോയുമായി സഹകരണത്തിന് അവസരമൊരുങ്ങിയതിലൂടെ നബഹുമാനിതയായെന്നും ഏറെ സന്തോഷമുണ്ടെന്നും കത്രീന കൈഫ് പറഞ്ഞു.

# കൊച്ചി നഗരസഭ വളണ്ടിയർ ബാങ്കിന് പേരുകൾ ക്ഷണിക്കുന്നു

**കൊച്ചി:** നഗരസഭയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന വളണ്ടിയർ ബാങ്കിന് അനുയോജ്യമായ പേരുകൾ ക്ഷണിക്കുന്നു.

കൊച്ചി നഗരത്തിൻറെ വളർച്ചയ്ക്കും വികസനത്തിനുമായി നഗരത്തിലെ പൊതുസമൂഹത്തിൻറെ പങ്കാളിത്തത്തോടെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ രൂപീകരിക്കുന്ന കൂട്ടായ്മയാണ് വളണ്ടിയർ ബാങ്ക്. മാലിന്യ സംസ്കരണം, ലഹരി വിരുദ്ധ പ്രവർത്തനം, നഗരാസൂത്രണം, നഗര സൗന്ദര്യവത്കരണം, കായികം, കല, കൃഷി, നൈപുണ്യവികസനം, വിദ്യാഭ്യാസമേഖല, മാനസികാരോഗ്യം, വ്യക്തിത്വ വികസനം, പ്രകൃതിസംരക്ഷണം, ദുരന്തനിവാരണ പ്രവർത്തനം തുടങ്ങിയ മേഖലകളിൽ പൊതുസമൂഹത്തിൻറെ പങ്കാളിത്തം ഉറപ്പുവരുത്താനും അതിലൂടെ കൊച്ചി നഗരത്തിൻറെ വളർച്ചയ്ക്കും വികസനത്തിനും ഉതകുന്ന രീതിയിൽ ഒരു കൂട്ടായ്മ രൂപീകരിക്കുകയും ചെയ്യുക എന്നതാണ് വളണ്ടിയർ ബാങ്കിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

നിർദ്ദേശിക്കുന്ന പേരുകൾ cochinmayor@gmail.com / 9188955175 എന്നതിലേക് അയക്കേണ്ടതാണ്.



## നാഷണൽ കാർട്ടിങ്: ആദ്യ മൂന്ന് സ്ഥാനങ്ങളും റയോ റേസിങിന്

**കൊച്ചി:** ബെംഗളൂരുവിൽ നടന്ന മെക്കോ എഫ്എംഎസ്സിഐ നാഷണൽ റോട്ടാക്സ് കാർട്ടിംഗ് ചാമ്പ്യൻഷിപ്പിൽ സീനിയർ വിഭാഗം മത്സരങ്ങളിൽ ആദ്യ 3 സ്ഥാനങ്ങളും വിജയിച്ച് റയോറേസിംഗ്. നാലാം റൗണ്ട് മത്സരത്തിൽ ആദിത്യ പട്നായിക് ഒന്നാമനായപ്പോൾ സഹതാരങ്ങളായ റെയ്ഡൻ സമർവെൽ, കൃഷ് ഗുപ്ത എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

ആദിത്യ പട്നായിക് സീനിയർ ഫൈനലിൽ ആകെയുള്ള 16 ലാപ്പുകൾ 16:12.122 സമയത്തിലാണ് ഫിനിഷ് ചെയ്തത്. റയോ റേസിംഗ് താരങ്ങളായ മൂന്നുപേരും മുംബൈ സ്വദേശികളാണ്. മൈക്രോ വിഭാഗത്തിൽ രണ്ടാം സ്ഥാനത്തെത്തിയ ഹംസ ബാലസിനോർവാല മുംബൈ റയോ റേസിംഗ് താരമാണ്. ഈ വിഭാഗത്തിൽ എം സ്പോർട്ടിന്റെ ദർശ് നവർഗരിയ ഒന്നാം സ്ഥാനത്തെത്തി. ചെന്നൈ എം സ്പോർട്ടിന്റെ റിവാൻ ദേവ് പ്രീതം ആണ് മൂന്നാമത്. ജൂനിയർ വിഭാഗത്തിൽ ബംഗളൂരുവിന്റെ ഇഷാൻ മധേഷ് (പെരെഗ്രിൻ റേസിംഗ്), നിഖ്ലേഷ് രാജു, പൂനെയുടെ അറഫാത്ത് ഷെയ്ഖ് എന്നിവർ യഥാക്രമം ആദ്യ 3 സ്ഥാനങ്ങളിൽ പോഡിയം ഫിനിഷ് ചെയ്തു.



## ക്രാഫ്റ്റ് എക്സ്പോ തൊടുപുഴയിൽ

**തൊടുപുഴ:** കേന്ദ്ര വസ്ത്രമന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന കരകൗശല കമ്മീഷണറേറ്റ് ഒരുക്കുന്ന ക്രാഫ്റ്റ് എക്സ്പോ തൊടുപുഴ ഡിവൈൻ സ്കയറിൽ ആരംഭിച്ചതായി അധികൃതർ പത്രസമ്മേളനത്തിൽ അറിയിച്ചു. ഡീൻ കുര്യാക്കോസ് എംപി ഉദ്ഘാടനം ചെയ്തു.

ജില്ലയിലെ ആദ്യത്തെ എക്സ്പോയാണിത്. കുടയത്തൂർ ഡെവലപ്മെൻറ് സൊസൈറ്റിയുമായി സഹകരിച്ചാണ് പ്രദർശനം നടത്തുന്നത്. 25 സ്റ്റാളുകളാണ് പ്രദർശനത്തിൽ പങ്കെടുക്കുന്നത്. ഇടുക്കി, കോട്ടയം, എറണാകുളം ജില്ലകളിൽ നിന്നുള്ളവർ പ്രദർശനത്തിൽ പങ്കെടുക്കുന്നുണ്ട്.തദ്ദേശീയ ഉത്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് എക്സ്പോയുടെ ലക്ഷ്യം.

31നു പ്രദർശനം സമാപിക്കും. പത്രസമ്മേളനത്തിൽ കേന്ദ്രവസ്ത്രമന്ത്രാലയം അസി.ഡയറക്ടർ കെ.ആർ.ലെനിൻരാജ്, കുടയത്തൂർ ഡെവലപ്മെൻറ് സൊസൈറ്റി പ്രസിഡൻറ് ഡോ.തോംസൺ ജോസഫ്, വൈസ് പ്രസിഡൻറ് മൈക്കിൾ ഫ്രാൻസിസ്, എം.കെ.പുരുഷോത്തമൻ എന്നിവർ പങ്കെടുത്തു. രാവിലെ പത്തു മുതൽ രാത്രി എട്ടുവരെയാണ് പ്രദർശനം.

# സംസ്ഥാനത്തെ ആദ്യ സമ്പൂർണ നേത്രദാന ഗ്രാമമായി വെച്ചൂച്ചിറ



**റാന്നി:** കേരളത്തിലെ ആദ്യത്തെ സമ്പൂർണ നേത്രദാന ഗ്രാമമായി വെച്ചൂച്ചിറ ഗ്രാമ പഞ്ചായത്ത് മാറുന്നു. അന്ധരായ മനുഷ്യർക്ക് കണ്ണുകൾ ദാനമായി നൽകുന്നതിനു വേണ്ടി നേത്രദാനം പ്രോത്സാഹിപ്പിക്കുന്ന കാഴ്ച നേത്രദാന സേന സംഘടനയുമായി ചേർന്നാണ് വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്.

വെച്ചൂച്ചിറ സിഎംഎസ് എൽപി സ്കൂളിൽ നടന്ന ചടങ്ങിൽ കാഴ്ച നേത്രദാന സേന ചെയർമാൻ ചലച്ചിത്ര സംവിധായകൻ ബ്ലസി പദ്ധതി ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ടി.കെ. ജയിംസ് അധ്യക്ഷത വഹിച്ചു. കാഴ്ച നേത്രദാന സേന ജനറൽ സെക്രട്ടറി റോഷൻ റോയി മാത്യു മുഖ്യാതിഥിയായിരുന്നു.

പഞ്ചായത്ത് വൈസ് പ്രസിഡൻറ് പൊന്നമ്മ ചാക്കോ, പഞ്ചായത്തംഗങ്ങളായ രാജി വിജയകുമാർ, എസ്. രമാദേവി, എം.ജെ. ജിനു, എലിസബത്ത് തോമസ്, റെസി ജോഷി, പി.എച്ച്. നഹാസ്, എസ്. പ്രസന്നകുമാരി, ടി.കെ. രാജൻ, സജി കൊട്ടാരം, കാഴ്ച ഭാരവാഹികളായ ഷാജി കൈപ്പുഴ, ജോയി ജോസഫ്, സാബു പുല്ലാട്, ഡോ. മനു വർഗീസ്, ആർ. വരദരാജൻ, പഞ്ചായത്ത് സെക്രട്ടറി അജയഘോഷ് എന്നിവർ പ്രസംഗിച്ചു.

പഞ്ചായത്ത് ഭരണസമിതി, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, വെച്ചൂച്ചിറ പ്രാഥമികാരോഗ്യകേന്ദ്രം, പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അങ്കണവാടികൾ, വായനശാലകൾ, ക്ലബുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. വെച്ചൂച്ചിറ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും കണ്ണുകൾ മരണശേഷം ദാനമായി നൽകി സമൂഹത്തിനാകെ മാതൃകയാവുന്ന പദ്ധതിക്കാണ് പഞ്ചായത്ത് തയാറാടെക്കുന്നത്. പരിപാടിയുടെ വിജയത്തിനായി ടി.കെ. ജയിംസ് ചെയർമാൻ, ഷാജി കൈപ്പുഴ കൺവീനർ എന്നിവർ ഭാരവാഹികളായ കമ്മിറ്റിയാണ് പ്രവർത്തിക്കുന്നത്.

പരിപാടിയുടെ ഭാഗമായി പഞ്ചായത്തിലെ 15 വാർഡുകളിലുമായി ബോധവത്കരണ പരിപാടികൾ, സെമിനാറുകൾ, നേത്ര ചികിത്സാ ക്യാമ്പുകൾ, നേത്രദാന സമ്മതപത്രം ഏറ്റുവാങ്ങൽ, മറ്റ് അനുബന്ധ പരിപാടികൾ എന്നിവ സംഘടിപ്പിക്കും.

# മറൈൻ ഡ്രൈവിലെ നൈറ്റ് ലൈഫ് തിരികെ വരുന്നു

**കൊച്ചി:** മറൈൻഡ്രൈവിൽ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ വ്യാപകമായതിനെ തുടർന്ന് രാത്രി സന്ദർശനം നിരോധിച്ച തീരുമാനം പുനഃപരിശോധിക്കാനൊരുങ്ങി ജിസിഡിഎ. ഇതു സംബന്ധിച്ച് ഇന്ന് തീരുമാനമെടുക്കുന്നതിനായി യോഗം ചേരാനിരുന്നെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാകാത്തതിനെ തുടർന്ന് യോഗം 30 ലേക്ക് മാറ്റി.



സുരക്ഷാ സൗകര്യങ്ങൾ ഉൾപ്പടെയുള്ള ക്രമീകരണങ്ങൾ പൂർത്തിയായാൽ അടുത്ത മാസം ഒന്നു മുതൽ മറൈൻഡ്രൈവിലെ രാത്രി പ്രവേശനം പുനഃസ്ഥാപിക്കപ്പെടുമെന്ന പ്രതീക്ഷയിലാണ് നഗരവാസികൾ.

അർധരാത്രിക്ക് ശേഷമുള്ള പിറന്നാൾ ആഘോഷങ്ങൾ, പടക്കം പൊട്ടിക്കൽ, സ്പീക്കർവച്ച് ഉച്ചത്തിലുള്ള പാട്ടുവയ്ക്കൽ എന്നിങ്ങനെ വാക്‌വേയിലെ ബഹളങ്ങൾ മൂലം ഉറക്കം നഷ്ടപ്പെടുന്നുവെന്ന അസോസിയേഷനുകളുടെ നിരന്തര പരാതിയെത്തുടർന്നാണ് സെപ്റ്റംബർ 19ന് ചേർന്ന യോഗത്തിൽ രാത്രിസന്ദർശനം നിരോധിക്കാൻ ജിസിഡിഎ തീരുമാനിച്ചത്. മാത്രമല്ല മറൈൻഡ്രൈവിൽ രാത്രി സമയങ്ങളിൽ മയക്കുമരുന്ന് വ്യാപനവും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും വ്യാപിക്കുന്നതായി പോലീസിൻറെ റിപ്പോർട്ടുമുണ്ടായിരുന്നു.

നിരോധനം ഏർപ്പെടുത്തിയ ഒരു മാസം മറൈൻഡ്രൈവിൽ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശമനമുണ്ടായതായി ജിസിഡിഎ ചെയർമാൻ കെ. ചന്ദ്രൻപിള്ള പറഞ്ഞു.വാക്‌വേയിൽ ലൈറ്റുകളും കാമറകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ലൈറ്റുകൾ സ്ഥാപിക്കാൻ 35 ലക്ഷം രൂപയും കാമറ വയ്ക്കുന്നതിന് 75 ലക്ഷം രൂപയും വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. ടെൻഡർ വിളിച്ച് ഇതിനുള്ള നടപടികൾ ആരംഭിക്കും. ഗ്രൗണ്ടിൻറെ രണ്ടറ്റത്തായി നിർമിക്കുന്ന രണ്ട് ടോയ്‌ലറ്റ് ബ്ലോക്കുകളുടെ നിർമാണം അന്തിമഘട്ടത്തിലാണ്. 30ന് ചേരുന്ന യോഗത്തിൽ മറൈൻഡ്രൈവിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തന പരിപാടികൾ പ്രഖ്യാപിക്കുമെന്ന് ജിസിഡിഎ അധികൃതർ പറഞ്ഞു.

# ഇറച്ചിക്കോഴിവളർത്തൽ പ്രശ്നങ്ങളും സാധ്യതകളും

കേരളത്തിലെ ഇറച്ചിക്കോഴി വളർത്തലിന് ഏറെസാധ്യതകളുണ്ടെങ്കിലും പ്രശ്നങ്ങളുമേറെയുണ്ട്. കർഷകരും സംരംഭകരുമടക്കം കേരളത്തിൽ അഞ്ചു ലക്ഷത്തോളം പേരുടെ ജീവനോപാധിയാണിത്.

തീറ്റച്ചെലവിലും ഉത്പാദനച്ചെലവിലുമുണ്ടായ ഭീമമായ വർധനവ്, തീറ്റയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വർധിച്ച വില, കടുത്ത വിപണന സമ്മർദം, വർധിച്ച നികുതി, കാലവസ്ഥ വ്യതിയാനം, പാരിസ്ഥിതിക മലിനീകരണ നിയന്ത്രണ നിബന്ധനകൾ, ഗുണനിലവാരത്തെ തകർക്കുന്ന വസ്തുതയില്ലാത്ത ആരോപണങ്ങൾ എന്നിവ ഈ മേഖലയെ പ്രതികൂലമായി ബാധിക്കുന്നു.

അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള അശാസ്ത്രീയമായ വിപണനവും, ഉത്പാദനച്ചെലവിലുണ്ടായ ഭീമമായ വർധനവും നിരവധി ഇറച്ചിക്കോഴി കർഷകരെ ഈ മേഖലയിൽ നിന്നു പിന്തിരിയാൻ പ്രേരിപ്പിക്കുന്നു.

ഇതുമൂലം ആഭ്യന്തര ഉത്പാദനത്തിൽ വൻ കുറവുണ്ടാകുന്നു. എന്നാൽ, ഉപഭോഗത്തിൽ വർധനവുണ്ട് താനും. ഈ സാധ്യത കണ്ടറിഞ്ഞ് ആവശ്യകതയുടെ 70 ശതമാനത്തോളം ഇറച്ചിക്കോഴികളും അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് എത്തുന്നത്. ഇവയുടെ വിലയും താരതമ്യേന കൂടുതലാണ്.

അയൽ സംസ്ഥാന ലോബികളാണു കേരളത്തിലെ ഇറച്ചികോഴികളുടെ വില നിയന്ത്രിക്കുന്നത്. ഒരുകിലോ കോഴിയിറച്ചിയുടെ ഉത്പാദനച്ചെലവ് 97 രൂപ വരും. ഇതിൽ മരുന്ന്, വളർത്തു ചെലവുകൾ, തീറ്റ എന്നിവ ഉൾപ്പെടുന്നു. കോഴിത്തീറ്റയുടെ വില കിലോയ്ക്ക് 41 രൂപയിലേറെയാണ്.

ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളുടെ വിലയിൽ ഇടയ്ക്കിടെയുണ്ടാകുന്ന വിലവർധനവ് ഉത്പാദനച്ചെലവ് വർധിക്കാനിടവരുത്തുന്നു. എന്നാൽ, ഇറച്ചികോഴിയുടെ ഫാം ഗേറ്റ് വില 103 രൂപയാണ്. റീട്ടെയിൽ വില കിലോയ്ക്ക് 150 രൂപയും, കോഴിയിറച്ചിക്ക് 250 രൂപയോളവും വില വരുന്നു.

ഇറച്ചിക്കോഴി വളർത്തലിനെ നാളിതുവരെയായി കൃഷിയുടെ ഭാഗമായി പരിഗണിച്ചിട്ടില്ല. വർഷത്തിൽ ആറു മാസത്തിലധികവും ഉത്പാദനച്ചെലവിനേക്കാൾ കുറഞ്ഞ വിലയ്ക്ക് കോഴിയെ വിൽക്കാൻ കർഷകർ നിർബന്ധിതരാകുന്നു.

രാജ്യത്തെ മൊത്തം കാർഷിക ഉത്പാദനത്തിൻറെ 26 ശതമാനത്തോളം സംഭവനചെയ്യുന്നത് മൃഗസംരക്ഷണ മേഖലയാണ്. ഈ മേഖലയിൽ കോഴിവളർത്തലിൻറെ വാർഷിക വളർച്ച നിരക്ക് 16 ശതമാനത്തോളം വരും.

കോഴിയിറച്ചി ഉപഭോഗത്തിൽ കേരളം രാജ്യത്ത് ഏറെ മുന്നിലാണ്. രാജ്യത്തെ മൊത്തം കോഴിയിറച്ചി ഉത്പാദനത്തിൻറെ 4.38 ശതമാനം കേരളത്തിൽ നിന്നാണ്. പ്രതിശീർഷ കോഴിയിറച്ചി ഉപഭോഗം പ്രതിവർഷം ദേശീയ തലത്തിൽ 3.1 കിലോയാണ്. എന്നാൽ കേരളത്തിലിത് 10 കിലോയോളം വരും.

കോഴിവളർത്തലിൻറെ മൊത്തം ചെലവിൽ 75 ശതമാനവും തീറ്റച്ചെലവാണ്.



കോവിഡിന് മുന്പത്തെ കാലയളവിനെ അപേക്ഷിച്ചു കോഴിത്തീറ്റയുടെ വില കിലോയ്ക്കു 24 രൂപയിൽ നിന്നു 41 രൂപയായി ഉയർന്നിട്ടുണ്ട്.

തീറ്റയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വിലയിൽ കാലാവസ്ഥ വ്യതിയാനം, ലഭ്യത എന്നിവയ്ക്കനുസരിച്ചു വിലയിൽ വൻ വർധനവ് ദൃശ്യമാണ്. ഉത്പാദന ചെലവിന് ആനുപാതികമായി കോഴിമുട്ടയുടെയും, ഇറച്ചിയുടെയും വിലയിൽ വർധനവുണ്ടാകുന്നുമില്ല.

മാത്രമല്ല അയൽ സംസ്ഥാന ലോബിയുണ്ടാക്കുന്ന കൃത്രിമ വില തികച്ചും സുസ്ഥിരമല്ല. ഉയർന്ന ഉത്പാദന ചെലവ് താങ്ങാൻ കഴിയാത്തതിനാൽ കർഷകരും, സംരംഭകരും കോഴിവളർത്തലിൽ നിന്ന് പിന്തിരിയുന്ന പ്രവണത വർധിച്ചു വരുകയും ചെയ്യുന്നു.

ആഴ്ചയിൽ ഒരുകോടി കിലോ, അതായത് മാസത്തിൽ 40,000 ടൺ കോഴിയിറച്ചിയാണു മലയാളി കഴിക്കുന്നത്. ഇതിൽ 40 ശതമാനത്തോളം അതായത് 12,000 ടണ്ണാണ് കേരളത്തിൻറെ ആഭ്യന്തര ഉത്പാദനം.

കോവിഡിനുശേഷം ആവശ്യകതയുടെ 60 ശതമാനം തമിഴ്നാട്, കർണാടകസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തുന്നു. കോഴിക്കുഞ്ഞിൻറെയും തീറ്റയുടെയും വിതരണം അടിസ്ഥാനപ്പെടുത്തിയുള്ള കണക്കാണിത്. 1.75 കോടിയോളം കോഴിക്കുഞ്ഞുങ്ങളെയാണ് മാസംതോറും കേരളത്തിൽ കോവിഡിന് മുന്പ് വളർത്തിയിരുന്നത്.

ഇതിൽ വെറും ഒരുശതമാനത്തോളം അതായത് 5 ലക്ഷത്തോളം കോഴികളെ പ്രതിമാസം വില്പന നടത്തുന്ന സ്ഥകേരള ചിക്കൻ കോഴി വില കുറച്ചു വിറ്റു വിപണിയിൽ സൃഷ്ടിച്ച അരക്ഷിതാവസ്ഥയാണ് ഈ മേഖലയിൽ കൂടുതൽ പ്രതിസന്ധികൾക്കിടവരുത്തിയത്.

മലിനീകരണ നിയന്ത്രണത്തിനായുള്ള അശാസ്ത്രീയ രീതികൾ സ്വീകരിക്കാൻ കർഷകരെ നിർബന്ധിക്കരുത്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉത്പാദക സൗഹൃദവും, പ്രായോഗികവുമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ലൈസൻസിംഗ് നടപടിക്രമങ്ങൾ കൂടുതൽ ഉദാരമാക്കണം.

സോഷ്യൽ മീഡിയയിലടക്കം കോഴിയിറച്ചിയിൽ ഹോർമോണും, ആൻറിബയോട്ടിക്കുകളും ഉണ്ടെന്ന തെറ്റായ വാർത്തകളും, ഇതിനു അനുബന്ധമായി സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന തെറ്റിദ്ധാരണ പരത്തുന്ന പരസ്യങ്ങളും ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിക്കുന്നു.

കേരളത്തിലെ കോഴിയിറച്ചി വിപണി നിശ്ചയിക്കുന്നതു തമിഴ്നാട്, കർണാടക, ആന്ധ്ര എന്നീ സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ചാണ്. അതായത് തമിഴ്നാട് ബിസിസി റേറ്റ് + കടത്തുകൂലി+ റീട്ടെയ്ൽ മാർജിൻ.

എന്നാൽ കേരളാ ചിക്കൻ ഈ റേറ്റിൽ നിന്നും വില കുറച്ചു വിൽക്കുന്നത് ഇറച്ചിക്കോഴിവളർത്തൽ കർഷകരെ പ്രതികൂലമായി ബാധിച്ചുവരുന്നു. ഉത്പാദനച്ചെലവ് കുറയ്ക്കാനായി കേരള ചിക്കന് സർക്കാർ 60 കോടി രൂപയോളം പ്രതിവർഷം സബ്സിഡി നൽകിവരുന്പോൾ മറ്റു ഇറച്ചിക്കോഴി കർഷകർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും സർക്കാരിൽ നിന്നു ലഭിക്കുന്നുമില്ല.

ഇത് മനസിലാക്കി ഇറച്ചിക്കോഴികൾക്കു തറ വില നിശ്ചയിക്കുകയാണ് വേണ്ടത്. കോഴിത്തീറ്റയ്ക്കാവശ്യമായ അസംസ്കൃതചേരുവകൾ അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലെത്തുന്നത്. സോയമീൽ, ചോളം, തവിടെണ്ണ എന്നിവയുടെ വിലയിലുണ്ടായ വർധനവ് 300 ശതമാനത്തിലധികമാണ്.

സുസ്ഥിര ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാനും, സംരംഭകരെ സഹായിക്കാനും, തൊഴിലവസരങ്ങൾ വിപുലപ്പെടുത്താനും താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങളിൽ ഊന്നൽ നൽകുന്നത് ഉചിതമായിരിക്കും.

1. ഉത്പാദന ചെലവിലും കുറഞ്ഞ വിലയ്ക്കു കോഴികളെ വിൽക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുക.

2. കുടുംബശ്രീ ചിക്കൻ /കോഴിവളർത്തലിനു നൽകുന്ന സബ്സിഡി കേരളത്തിൽ വളർത്തുന്ന കോഴി കർഷകർക്ക് ലഭ്യമാക്കുക

3. കോഴിക്കുഞ്ഞ്, തീറ്റ എന്നിവയ്ക്കു സബ്സിഡി അനുവദിക്കുക.

4. കോഴിവളർത്തൽ കൃഷിയായി അംഗീകരിച്ചു കൃഷിക്കുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുക.

5. കോഴിക്കും ഷെഡിനുമുള്ള നികുതി വർഷാടിസ്ഥാനത്തിൽ കണക്കാക്കിയാൽ ഒരു കിലോ കോഴിയിറച്ചിക്ക് ഒരുരൂപ നിരക്കിലാണു നികുതി അടയ്ക്കേണ്ടത്. അതിനാൽ ഷെഡുകൾക്കും മറ്റും ചുമത്തുന്ന വർധിച്ച നികുതി ഒഴിവാക്കുക.

6. സോഷ്യൽ മീഡിയ, മറ്റു മാധ്യമങ്ങൾ എന്നിവ വഴി ഹോർമോൺ, ആൻറിബയോട്ടിക്കുകൾ നൽകുന്നുവെന്ന ദുഷ്പ്രചരണം അവസാനിപ്പിക്കുക.

7. ഗുണമേന്മ, ആൻറിമൈക്രോബിയൽ റെസിസ്റ്റൻസ് എന്നിവ വിലയിരുത്താൻ ഗവേഷണ പരിപാടികൾ നടപ്പിലാക്കുന്നത് ഉപഭോക്താക്കളിൽ വിശ്വാസ്യത വർധിപ്പിക്കാനിടവരുത്തും.

8. കോഴിത്തീറ്റയുടെ വിലവർധനവിനു ആനുപാതികമായി തീറ്റ സബ്സിഡിയോ, ഉത്പാദന ഇൻസെൻറീവോ കർഷകർക്കു ലഭ്യമാക്കുന്നതോടൊപ്പം ഉത്പാദകന് ലഭിക്കാൻ കോഴിയിറച്ചിക്കു തറവില ഏർപ്പെടുത്തണം.

9. ഉത്പാദക ക്ലസ്റ്ററുകൾ രൂപീകരിച്ചു സംസ്കരണ കേന്ദ്രങ്ങളും, വിപണന കേന്ദ്രങ്ങളും ആരംഭിക്കുന്നതോടൊപ്പം കൂടുതൽ എഫ്പിഒകൾ ആരംഭിക്കുക.

10. കേന്ദ്ര പദ്ധതികളായ ഭൗതിക സൗകര്യ വികസനഫണ്ട്, കോൾഡ് ചെയിൻ പ്രൊജക്റ്റ്, കിസാൻ ക്രെഡിറ്റ് കാർഡ്, എംസ്എംഎ, അഗ്രിബിസിനസ്, അഗ്രി ഇൻഫ്രാഫണ്ട് മുതലായവ കോഴിവളർത്തലിലും ലഭ്യമാക്കുക.

11. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ പ്ലാറ്റഫോം തറവില, തീറ്റയുടെ ചേരുവകളുടെ വില എന്നിവ കാലാകാലങ്ങളിൽ വിലയിരുത്തുക.

12.കോഴിവളർത്തലിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ തൊഴിൽ ലഭ്യത ലക്ഷ്യമിട്ട് സംരംഭകത്വ പദ്ധതികൾ നടപ്പിലാക്കുക.

13. മലിനീകരണ നിയന്ത്രണത്തിനായുള്ള അശാസ്ത്രീയ രീതികൾ പ്രവർത്തികമാക്കൻ കർഷകരെ നിർബന്ധിക്കരുത്. ഈ രംഗത്ത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉൽപാദക സൗഹൃദവും, പ്രായോഗികവുമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ലൈസൻസിംഗ് നടപടി ക്രമങ്ങൾ കൂടുതൽ ഉദാരമാക്കണം.

14. ഇറച്ചിക്കോഴിവളർത്തൽ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ വിദഗ്ധ സമിതിയെ നിയോഗിക്കുക.

# ഷെൻഹുവ വിഴിഞ്ഞം തീരം വിടുന്നു; ഇനിയെത്തുന്നത് 6 യാഡ് ക്രെയിനുകളുമായി ഷെൻഹുവ 29

**വിഴിഞ്ഞം:** രാജ്യാന്തര തുറമുഖത്തെ ആദ്യ ദൗത്യം വിജയകരമായി പൂർത്തിയാക്കിയ ചൈനീസ് കപ്പൽ ഷെൻഹുവ15 ഇന്നു വിഴിഞ്ഞത്തോട് യാത്ര പറയും. നടപടികൾ പൂർത്തിയാക്കി ഉച്ചകഴിഞ്ഞാവും കപ്പൽ മടങ്ങുക എന്നു ബന്ധപ്പെട്ടവർ അറിയിച്ചു. കഴിഞ്ഞ 12ന് വിഴിഞ്ഞം തുറമുഖത്ത് ആദ്യമായി അടുത്ത ഷെൻഹുവ 15 നിൽ നിന്നു 3 ക്രെയിനുകളും ഇറക്കുന്ന ജോലി കഴിഞ്ഞ ദിവസം പൂർത്തിയായതിനെ തുടർന്നാണ് കപ്പൽ മടങ്ങുന്നത്. 15നു നടന്ന ഔദ്യോഗിക സ്വീകരണ ചടങ്ങിനെ തുടർന്ന് അടുത്ത ദിവസം മുതൽ ക്രെയിനുകൾ ഇറക്കി തുടങ്ങാനാണ് ഉദ്ദേശിച്ചതെങ്കിലും മോശം കാലാവസ്ഥ, ചൈനീസ് ക്രൂവിനു കരയിൽ ഇറങ്ങാനുള്ള അനുമതി വൈകൽ തുടങ്ങിയ കാരണങ്ങളാൽ ദൗത്യം തുടങ്ങുന്നതു നീണ്ടു. 20നാണ് ആദ്യ ക്രെയിൻ(യാഡ്) കര തൊട്ടത്. 22നു രണ്ടാമത്തെ യാർഡ് ക്രെയിനും 24ന് രാജ്യത്തെ തുറമുഖങ്ങളിൽ വച്ച് ഏറ്റവും വലിയ ഷിപ് ടു ഷോർ ക്രെയിനും ബെർത്തിൽ ഇറക്കിയതോടെ ദൗത്യം പൂർത്തിയായി.

ക്രെയിൻ ഇറക്കുന്നതിനു ബെർത്തിലേക്ക് സ്ഥാപിച്ച താൽക്കാലിക സാങ്കേതിക സന്നാഹങ്ങൾ തിരികെ കപ്പലിലേക്ക് ലോഡ് ചെയ്യുന്നതു പൂർത്തിയാകുന്ന മുറയ്ക്കാണ് മടക്കയാത്ര തുടങ്ങുക. ചൈനയിൽ നിന്നു ഓഗസ്റ്റ് 31ന് തിരിച്ച ഷെൻഹുവ15 ൽ ആകെ 5 ക്രെയിനുകളാണ് ഉണ്ടായിരുന്നത്. ഇതിൽ രണ്ടെണ്ണം മുന്ദ്ര തുറമുഖത്ത് ഇറക്കിയ ശേഷമാണ് കപ്പൽ വിഴിഞ്ഞത്ത് അടുത്തത്. ആദ്യ കപ്പൽ ബെർത്തിൽ അടുപ്പിക്കുന്നതു സംബന്ധിച്ച് അധികൃതർക്ക് നേരിയ ആശങ്കയുണ്ടായിരുന്നുവെങ്കിലും ഷെൻഹുവ15 അനായാസമായിരുന്നു ബെർത്തിലേക്ക് അടുത്തത്. അതിനിടെ വിഴിഞ്ഞത്തേക്കുള്ള ക്രെയിനുകളുമായി രണ്ടാമത്തെ കപ്പൽ ഷെൻഹുവ 29 ചൈനയിൽ നിന്നു യാത്ര തിരിച്ചു. ഇപ്പോഴത്തെ സഞ്ചാരവേഗമനുസരിച്ച് അടുത്ത മാസം 9 ന് കപ്പൽ വിഴിഞ്ഞത്ത് അടുക്കും എന്നാണ് വിവരം. 6 യാഡ് ക്രെയിനുകളുമായിട്ടാണ് ഷെൻഹുവ29ന്റെ വരവ്.



# പെരുമ്പളം പാലം: ആദ്യത്തെ ആർച്ച് ബീം പൂർത്തിയായി

**പെരുമ്പളം:** പെരുമ്പളം പാലം നിർമാണത്തിന്റെ ഭാഗമായുള്ള മൂന്ന് ആർച്ച് ബീമുകളിൽ (ബോ സ്ട്രിങ്ങ്) ആദ്യത്തേതിന്റെ നിർമാണം പൂർത്തിയായി. കായലിന്റെ മധ്യഭാഗത്തായാണ് മൂന്നു ആർച്ച് ബീമുകൾ വരുന്നത്. ദേശീയ ജലപാത വരുന്നതിനാലാണ് ഇവിടെ ആർച്ച് ബീമുകൾ നിർമിക്കുന്നത്.

ഇരുവശങ്ങളിലും ഒന്നര മീറ്റർ നടപ്പാത ഉൾപ്പെടെ 11 മീറ്ററാണ് മറ്റു ഭാഗങ്ങളിൽ പാലത്തിന്റെ വീതി. ആർച്ച് ബീം വരുന്നിടത്ത് 12 മീറ്റർ വീതിയാകും. 1120 മീറ്ററാണ് പാലത്തിന്റെ നീളം.

നിർമാണ പ്രവർത്തനങ്ങൾ 60 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ഇന്നലെ ദലീമ ജോജോ എംഎൽഎ എത്തി നിർമാണ പുരോഗതി വിലയിരുത്തി.

രണ്ടാമത്തെ ബീം നിർമാണം ഉടൻ തുടങ്ങും. ഡിസംബറിൽ പാലം നിർമാണം പൂർത്തിയാക്കൽ ലക്ഷ്യമിട്ടാണ് പ്രവർത്തനങ്ങൾ നടത്തുന്നതെങ്കിലും മാർച്ചോടെ പൂർത്തിയായേക്കുമെന്നാണ് വിവരം. 100 കോടി രൂപ ചെലവിലാണ് നിർമാണം നടത്തുന്നത്. 2021 ജനുവരി 8നാണ് നിർമാണം തുടങ്ങിയത്.




# വാട്ടർ തീം പാർക്ക് കാടുകയറി നശിക്കുന്നു

**കാഞ്ഞാർ :** മലങ്കര ജലാശയത്തിന്റെ പാതയോരത്തെ വാട്ടർ തീം പാർക്ക് കാട്കയറി നശിക്കുന്നു. ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് 13 വർഷം മുൻപ് നിർമിച്ചതാണ് പാർക്ക്. ഒന്നാം ഘട്ടത്തിൽ പാർക്ക് പൂച്ചെടികൾ വച്ച് മോടി പിടിപ്പിച്ചതോടെ അന്നത്തെ ബ്ലോക്ക് പഞ്ചായത്തിന്റെ കാലാവധി അവസാനിച്ചു. തുടർന്നെത്തിയ 2 ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയും ഇവിടേക്ക് തിരിഞ്ഞുനോക്കിയില്ല. പിന്നീട് ജില്ലാ പഞ്ചായത്ത് ഇവിടെ പ്രൊജക്ട് ചെയ്യാനായി സ്ഥലം സന്ദർശിച്ചെങ്കിലും പാർക്കിന്റെ വികസനം ഈ സന്ദർശനത്തിൽ ഒതുങ്ങി. രണ്ടാം ഘട്ടമായി ഇന്ന് പണം അനുവദിക്കുമെന്ന് എംഎൽഎ വാക്കുപറഞ്ഞിരുന്നെങ്കിലും ഇതും നടന്നിട്ടില്ല. ഇടുക്കി യാത്രക്കാർ ഏറെയും ഇടത്താവളമായി വിശ്രമിക്കുന്നതിന് ഇവിടെ ഇറങ്ങിയിരുന്നു.

നയന മനോഹരമായ ഇവിടെ മുൻപ് ഒട്ടേറെ സഞ്ചാരികൾ കുളിക്കാനിറങ്ങിയിരുന്നെങ്കിലും പലരും അപകടത്തിൽ പെട്ടിട്ടുണ്ട്. അപകടരഹിതമായി വെള്ളത്തിലിറങ്ങുന്നതിനും ഇവിടെ സംവിധാനം ഒരുക്കിയാൽ സഞ്ചാരികൾക്ക് ഏറെ പ്രയോജനകരമാകും. അര കിലോമീറ്റർ ദൂരത്തിലുള്ള ഈ പ്രദേശം ഇപ്പോൾ കാടുകയറി കിടക്കുകയാണ്. സംയോജിത നീർത്തട പരിപാലന പരിപാടിയുടെ ഭാഗമായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ബോർഡുകൾ പോലും കാട് കയറി മൂടിക്കിടക്കുകയാണ്. കാടുകയറി സാമൂഹ്യവിരുദ്ധരുടേ കേന്ദ്രമായി മാറിയിരിക്കുകയാണ്. ചെറിയ അടിസ്ഥാന സൗകര്യങ്ങളൊരുക്കിയാൽ പാർക്ക് പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകും.




# ജനങ്ങൾക്ക് നീതി നടപ്പാക്കുക എന്നതാണ് ഓരോ അഭിഭാഷകന്റെയും കടമ: ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

**ആലപ്പുഴ:** ഉത്തരവാദിത്വത്തോട് കൂടി ജനങ്ങൾക്ക് നീതി നടപ്പാക്കുക എന്നതാണ് ഓരോ അഭിഭാഷകന്റെയും കടമയെന്ന് കേരള ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. കായംകുളം കോടതി കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോടതിയുടെ സൗകര്യങ്ങൾ വർദ്ധിക്കുമ്പോൾ ഉത്തരവാദിത്വങ്ങളും വർദ്ധിക്കുകയാണ്. ജനങ്ങൾക്ക് നിയമത്തിലുള്ള വിശ്വാസ്യത കൊണ്ടാണ് എന്ത് പ്രശ്നങ്ങൾ നേരിട്ടാലും അവർ കോടതിയെ സമീപിക്കുന്നത്. ജനാധിപത്യത്തിന്റെ ആഘോഷമാണ് കായംകുളം കോടതിയുടെ ഉദ്ഘാടനമെന്നും കോടതിയുടെ സൗകര്യങ്ങൾ ഓരോ ജനത്തിനും അവകാശപ്പെട്ടതാണെന്നും അദ്ദേഹം പറഞ്ഞു. കോടതിയുടെ നിർമ്മാണത്തിൽ തുടക്കം മുതൽ അവസാനം വരെ പ്രവർത്തിച്ച എല്ലാവരെയുംഅദ്ദേഹം അഭിനന്ദിച്ചു.

കോടതി അങ്കണത്തിൽ നടന്ന ചടങ്ങിൽ യു.പ്രതിഭ എം.എൽ.എ അധ്യക്ഷത വഹിച്ചു. പി. ഡബ്ല്യു. ഡി സൂപ്രന്റിംഗ് എൻജിനീയർ ജി. എസ് ദിലീപ് ലാൽ റിപ്പോർട്ട് അവതരിപ്പിച്ചു. നഗരസഭ ചെയർപേഴ്സൺ പി. ശശികല, നഗരസഭ കൗൺസിലർ കെ. പുഷ്പദാസ്, ജില്ലാ സെഷൻസ് ജഡ്ജ് ജോബിൻ സെബാസ്റ്റ്യൻ, ജില്ല ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് എം. റ്റി ജലജാറാണി, കായംകുളം മുൻസിഫ് ജഡ്ജ് എ.അനീസ, ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. ഡി. സുധാകരൻ, ബാർ അസോസിയേഷൻ സെക്രട്ടറി അഡ്വ. സജീബ് എസ്. തവക്കൽ, അഡ്വക്കേറ്റ് ക്ലാർക്ക് അസോസിയേഷൻ പ്രസിഡന്റ് ഭാസ്കരൻ നായർ തുടങ്ങിയവർ പങ്കെടുത്തു.15.96 കോടി രൂപ വിനിയോഗിച്ചാണ് കായംകുളം കോടതി കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചത്. കെട്ടിടത്തിന് 40,000 ചതുരശ്രയടി വിസ്തീർണ്ണമുണ്ട്. കേരളീയ വാസ്തു ശില്പകലാ മാതൃകയിൽ ആധുനിക സൗകര്യങ്ങളോടുകൂടി മൂന്ന് നിലകളായിട്ടാണ് കെട്ടിടം നിർമ്മിച്ചത്. മജിസ്ട്രേറ്റ് കോർട്ട് ഹാൾ, നടുമുറ്റം, ഓഫീസ് മുറികൾ, അദാലത്ത് ഹാൾ, ബാർ അസോസിയേഷൻ ഹാൾ, ലൈബ്രറി, ഗുമസ്തന്മാർക്കുള്ള മുറികൾ, വനിതാ അഭിഭാഷകർക്കുള്ള മുറികൾ, മീഡിയേഷൻ ഹാൾ എന്നീ സൗകര്യങ്ങളുണ്ട്.

## പച്ചത്തേങ്ങ സംഭരണ കേന്ദ്രം ഉടൻ ആരംഭിക്കണം

**പുൽപ്പള്ളി:** സംസ്ഥാന കൃഷി മന്ത്രി പ്രഖ്യാപിച്ച പച്ചത്തേങ്ങ സംഭരണ കേന്ദ്രം ഉടൻ ആരംഭിക്കണമെന്ന് കോൺഗ്രസ് മുള്ളൻകൊല്ലി മണ്ഡലം ജനറൽ ബോഡി യോഗം ആവശ്യപ്പെട്ടു. പച്ചത്തേങ്ങ കിലോ ഗ്രാമിനു 24 രൂപാ നിരക്കിൽ സംഭരിക്കാൻ ബജറ്റ് നിർദേശം ഉണ്ടായിരുന്നു.

ആയിരക്കണക്കിനു കർഷകർക്കു ഗുണം ചെയ്യുന്നതാണ് സംഭരണം. മന്ത്രി പ്രഖ്യാപിച്ച കേന്ദ്രത്തിനു സ്ഥലസൗകര്യം മുള്ളൻകൊല്ലിയിൽ ലഭ്യമാണെന്ന് യോഗം ചൂണ്ടിക്കാട്ടി.

പ്രസിഡൻറ് ഷിനോ തോമസ് കടുപ്പിൽ അധ്യക്ഷത വഹിച്ചു. അഡ്വ.പി.ഡി. സജി, വർഗീസ് മുരിയംകാവിൽ, ബീന കരിമാംകുന്നേൽ, പി.കെ. വിജയൻ, ടി.എസ്. ദിലീപ്കുമാർ, വി.ടി. തോമസ്, മേഴ്സി ബെന്നി, ഗിരിജ കൃഷ്ണൻ, ഇ.എ. ശങ്കരൻ, ശിവരാമൻ പാറക്കുഴി, ജോയി വാഴയിൽ, ലിസി സാബു, ഷിനോ മാപ്ലശ്ശേരി, സുനിൽ പാലമറ്റം, പദ്മകുമാരി, സാബു ഏബ്രഹാം, മനോജ് കടുപ്പിൽ എന്നിവർ പ്രസംഗിച്ചു.

## കൃഷിക്ക് ഒപ്പം കളമശ്ശേരി രണ്ടാംഘട്ടം: കുന്നുകര പഞ്ചായത്തിൽ ക്ലസ്റ്റർ രൂപീകരിച്ചു

**കളമശ്ശേരി:** മണ്ഡലത്തിലെ കാർഷിക മുന്നേറ്റം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന കൃഷിക്ക് ഒപ്പം കളമശ്ശേരി പദ്ധതി രണ്ടാംഘട്ടത്തിന് കുന്നുകര ഗ്രാമപഞ്ചായത്തിൽ തുടക്കമായി. രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ മുന്നോടിയായി ഗ്രാമപഞ്ചായത്തിൽ ക്ലസ്റ്റർ രൂപീകരിച്ചു.

പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന തലങ്ങൾ ക്ലസ്റ്ററുകളും, മോണിറ്ററിങ് കമ്മറ്റികളും രൂപീകരിച്ച് പ്രാദേശിക തലത്തിൽ കൃഷിക്ക് പ്രോത്സാഹനം നൽകും. ഓരോ പഞ്ചായത്തിലും ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങളുടെ കൃത്യമായ വിവരങ്ങൾ അനുസരിച്ചുള്ള വിപണന ശൃംഖല സാധ്യമാക്കുകയും സ്ഥിരമായ വരുമാനം ലഭ്യമാക്കുകയുമാണ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.

കർഷകർക്ക് കാർഷിക അറിവുകളുടെ നേർക്കാഴ്ചയായി ഓരോ ക്ലസ്റ്ററുകളിലും മാതൃക കൃഷിത്തോട്ടങ്ങളും സജ്ജീകരിക്കും.

കുന്നുകര ഗ്രാമ പഞ്ചായത്തിൽ പഞ്ചായത്ത്തല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് സൈന ബാബുവിനെ ചെയർമാനായും കൃഷി ഓഫീസർ സാബിറ ബീവിയെ കൺവീനറായും സഹകരണ ബാങ്ക് പ്രസിഡന്റുമാരെ വൈസ് ചെയർമാൻമാരായും സഹകരണ ബാങ്ക് സെക്രട്ടറിമാരെ ജോയിന്റ് കൺവീനർമാരായും കൺവീനർമാരായും ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, മാസ്റ്റർ കർഷകൻ എന്നിവരെ അംഗങ്ങളായും ചേർത്താണ് കമ്മിറ്റി രൂപീകരിച്ചത്.

പ്രാദേശിക കാർഷിക ഉൽപാദനം വർധിപ്പിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മണ്ഡലത്തിലെ കാർഷിക മേഖലയുടെ സമഗ്ര വികസനമാണ് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ലക്ഷ്യമിടുന്നത്.

## നിപ ബാധയെ പൂർണമായും അതിജീവിച്ചു: മന്ത്രി വീണാ ജോർജ്

**കോഴിക്കോട്:** കോഴിക്കോട് ഉണ്ടായ നിപ വൈറസ് ബാധയെ പൂർണമായും അതിജീവിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. കോഴിക്കോട് നിപ വ്യാപനം ഉണ്ടായ ശേഷം ഇൻകുബേഷന്റെ 42ാമത്തെ ദിവസം 26ന് പൂർത്തിയാവുകയാണ്. ഈ വ്യാപനത്തിൽ ആകെ ആറ് പേർ പോസിറ്റീവായി. അതിൽ രണ്ട് പേരാണ് മരണമടഞ്ഞത്. നെഗറ്റീവായവർ ആശുപത്രി വിട്ട ശേഷമുള്ള ഐസൊലേഷൻ കാലാവധിയും പൂർത്തിയായിട്ടുണ്ട്.

ആഗോളതലത്തിൽ തന്നെ 70 മുതൽ 90 ശതമാനം മരണനിരക്കുള്ള പകർച്ച വ്യാധിയാണ് നിപ. എന്നാൽ മരണനിരക്ക് 33.33 ശതമാനത്തിൽ നിർത്തുന്നതിന് കോഴിക്കോട് സാധിച്ചു. മാത്രമല്ല സമ്പർക്കപ്പട്ടികയിലുള്ളയാൾ തന്നെ പോസിറ്റീവ് ആയെന്ന് കണ്ടെത്താൻ സാധിച്ചത് ഇതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ വളരെ കൃത്യമായി നടന്നു എന്നതിന്റെ തെളിവായാണ് ആരോഗ്യ വകുപ്പ് കാണുന്നത്. 1186 സാമ്പിളുകൾ പരിശോധിച്ചു. 1288 പേരായിരുന്നു സമ്പർക്കപ്പട്ടികയിലുണ്ടായിരുന്നത്. അവരുടെ ഐസൊലേഷനും അതാത് ഘട്ടങ്ങളിൽ പൂർത്തിയായിരുന്നു. 53,708 വീടുകൾ സന്ദർശിച്ചു. 118 പേരെയാണ് കിടത്തി ചികിത്സിച്ചത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ 107 പേർ ചികിത്സ തേടിയിരുന്നു.

മോണോക്ലോണൽ ആന്റിബോഡി തദ്ദേശിയമായി വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാസ്ഡ് വൈറോളജി, രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, പൂനൈ എൻ.ഐ.വി. എന്നീ സ്ഥാപനങ്ങളിലൂടെയാണ് മോണോക്ലോണൽ ആന്റിബോഡി വികസിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നത്.വയനാട് സെപ്റ്റംബറിൽ ശേഖരിച്ച വവ്വാലുകളുടെ സാമ്പിളുകളിൽ നിപ വൈറസ് സാന്നിധ്യം കണ്ടെത്തിയതായി ഐസിഎംആർ അറിയിച്ചിട്ടുണ്ട്. ആശങ്കപ്പെടേണ്ട സാഹചര്യമില്ല.



## ജനഹിതമറിയുകയെന്ന ആശയം പ്രാവർത്തികമാക്കുകയാണ് നവകേരളസദസ്

**തിരുവല്ല:** ജനഹിതമറിയുകയെന്ന ആശയ ആവിഷ്കാരം പ്രാവർത്തികമാക്കുകയാണ് നവകേരളസദസെന്നു അഡ്വ. മാത്യു ടി തോമസ് എം എൽ എ പറഞ്ഞു. തിരുവല്ല നിയോജകമണ്ഡലം നവകേരളസദസ് സംഘാടക സമിതി രൂപീകരണ യോഗത്തിന്റെ ഉദ്ഘാടനം സെന്റ് ജോൺസ് കത്തീഡ്രൽ ഹാളിൽ നിർവഹിക്കുകയായിരുന്നു എം എൽ എ. നവകേരളനിർമിതിയുടെ ഭാഗമായി ജനങ്ങളുമായി സംവദിക്കാൻ മുഖ്യമന്ത്രിയും മന്ത്രിമാരും ഒരുമിച്ചെത്തുന്നുവെന്ന പുതിയ ആശയമാണ് നവകേരള സദസിലൂടെ സാധ്യമാകുന്നത്. വ്യത്യസ്ത മേഖലയിൽ സർക്കാർ നടത്തുന്ന വികസന ക്ഷേമ പ്രവർത്തങ്ങൾ ജനങ്ങളിലെത്തിക്കാനും അവരുടെ പ്രതികരണം അറിയുന്നതിനുമാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. നിരവധി പ്രതിസന്ധികളെ അഭിമുഖീകരിച്ച സർക്കാർ ജനപക്ഷത്തു നിന്ന് അവയെ അതിജീവിച്ചു. വികസന രംഗത്ത് ദീർഘകാലമായി മുടങ്ങി കിടന്ന പല പദ്ധതികളും ഏറ്റെടുത്തു വിജയത്തിലെത്തിച്ചു. അനുഭവസ്ഥരുമായി സർക്കാരിന്റെ നേട്ടങ്ങൾ പങ്കു വയ്ക്കുന്ന നവകേരളസദസിൽ വിവിധ മേഖലകളിൽ പ്രമുഖരായ വ്യക്തികൾ പ്രത്യേകം ക്ഷണിതാക്കളായി പങ്കെടുക്കുമെന്നും എംഎൽഎ പറഞ്ഞു.

ഡിസംബർ 16ന് വൈകിട്ട് ആറിന് നടക്കുന്ന തിരുവല്ല നിയോജകമണ്ഡലം നവകേരള സദസിന്റെ സംഘാടക സമിതി രൂപീകരിച്ചു. അഡ്വ. മാത്യു ടി തോമസ് എംഎൽഎ ചെയർമാനും സബ് കളക്ടർ കൺവീനറുമാകും. വിവിധ ചുമതലകൾ നിർവഹിക്കുന്നതിനായി ഭക്ഷണം, സ്റ്റേജ്, മൈക്ക് അനുബന്ധ ഒരുക്കങ്ങൾ, റിസപ്ഷൻ, ആരോഗ്യം, വിഐപി, ശുചികരണം, മീഡിയയും പ്രചാരണവും, സാംസ്കാരിക പരിപാടി,സാങ്കേതികവശം, ക്രമസമാധാനം എന്നീ വിഭാഗങ്ങളിൽ സബ്കമ്മിറ്റികളെയും തെരഞ്ഞെടുത്തു. സബ്കമ്മിറ്റിയുടെ യോഗം തിരുവല്ല ഡയറ്റ് ഹാളിൽ നവംബർ ഒന്നിന് ചേരും. പഞ്ചായത്ത് തല കമ്മിറ്റിയുടെ ചെയർമാൻമാരെയും തിരഞ്ഞെടുത്തു. അതാത് വില്ലേജ് ഓഫീസർമാർ കൺവീനർമാരാകും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മായ അനിൽകുമാർ അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ എ. ഷിബു, സബ് കളക്ടർ, പുളികീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചന്ദ്രലേഖ, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ചന്ദ്രമോഹൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## തീവ്ര മാലിന്യ സമാഹരണ യജ്ഞം ആരംഭിച്ചു

**കൊച്ചി:** മാലിന്യമുക്ത പഞ്ചായത്ത് നേട്ടം കൈവരിക്കുന്നതിന്റെ ഭാഗമായി പൂർണമായും മാലിന്യമുക്തമാകാൻ ഒരുങ്ങി മണീട് ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിനെ പൂർണ്ണമായും മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ശുചിത്വ സമിതി, ഹരിത കർമ്മ സേന, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെ മാലിന്യ ശേഖരണം തീവ്രമായി നടപ്പിലാക്കുകയാണ്.

വിപുലമായ പ്രവർത്തനങ്ങളാണ് ലക്ഷ്യം കൈവരിക്കുന്നതിനായി ഒക്ടോബർ മാസത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നത്. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൃത്യമായി നീക്കം ചെയ്ത് സംസ്കരിക്കാനാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്.

വീടുകളിൽ നിന്നും ഉപയോഗ രഹിതമായ ചെരിപ്പുകൾ, തുണികൾ, ബാഗുകൾ എന്നിവ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി നടക്കുകയാണ്. ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ശേഖരിച്ച ഒമ്പത് ടൺ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറി. കൂടാതെ പൊതുനിരത്തുകളിൽ തള്ളിയിരിക്കുന്ന അജൈവമാലിന്യങ്ങൾ അവിടെനിന്ന് ശേഖരിക്കുകയും മാലിന്യ സംസ്കരണ കേന്ദ്രങ്ങളിൽ എത്തിച്ച് തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറും.

സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ റോഡുകൾ, നടപ്പാതകൾ, ജലസ്രോതസ്സുകൾ തുടങ്ങിയവ ശുചീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും ഇലക്ട്രോണിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി ഈ മാസം 30ന് ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ വീടുകളിൽ നിന്നും ഈ വേസ്റ്റുകൾ ശേഖരിക്കും. നവംബർ ആദ്യവാരത്തിൽ വീടുകളിൽ നിന്നും കിടക്കകൾ, തലയണകൾ തുടങ്ങിയവ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കും.

സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ശുചിത്വ പരിപാലന പ്രവർത്തനങ്ങളുടെ ഭാഗമായി മാർച്ച് മാസത്തിന് മുമ്പ് മണീട് ഗ്രാമപഞ്ചായത്തിനെ പൂർണമായും മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതെന്ന് പഞ്ചായത്ത് പ്രസിഡന്റ് പോൾ വർഗീസ് പറഞ്ഞു.

ജൂൺ അഞ്ചിന് പരിസ്ഥിതി ദിനത്തിൽ ആരംഭിച്ച പ്രവർത്തനങ്ങളുടെ ഭാഗമായി സെപ്റ്റംബറിൽ ജനകീയ ഹരിത ഓഡിറ്റിലെ പോരായ്മകളും കൂടി വിലയിരുത്തിയാണ് പഞ്ചായത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ശുചീകരണത്തിന് ശേഷം പൊതു ഇടങ്ങളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന്റെ ഭാഗമായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ, യുവാക്കളുടെ നേതൃത്വത്തിൽ സ്കാഡ് എന്നിവ നടപ്പിലാക്കാൻ ശ്രമിക്കുമെന്നും പ്രസിഡന്റ് പറഞ്ഞു.

# പവറിങ് ഫ്യൂച്ചർ 2023: കേരളത്തിലെ ആദ്യത്തെ ഇലക്ട്രിക് വാഹന പ്രദർശനമൊരുക്കി ഗോ ഇ.സി ഓട്ടോടെക്



**കൊച്ചി:** കേരളത്തിലെ ഇലക്ട്രിക് വാഹന ചാർജിങ് ശൃംഖലാ സംരംഭമായ ഗോ ഇ.സി ഓട്ടോടെക് പ്രൈവറ്റ് ലിമിറ്റഡ്, നിക്ഷേപകരുടെ സംഗമവും ഇലക്ട്രിക്ക് വാഹന പ്രദർശനവും സംഘടിപ്പിച്ചു. സംസ്ഥാനത്ത് ആദ്യമായാണ് ഇലക്ട്രിക്ക് വാഹനരംഗത്തെ ഭാവി സാധ്യതകൾ അവതരിപ്പിക്കുന്നതിനായി ഇത്രയും വലിയൊരു പരിപാടി നടക്കുന്നത്.

കേരളത്തിൽ സുസ്ഥിരവാഹനഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഗോ ഇ.സി യുടെ നിരന്തരശ്രമങ്ങളുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. ഇന്ത്യയിൽ ഇന്ന് ലഭ്യമായ ഏറ്റവും മികച്ച ഇലക്ട്രിക് കാറുകളും ചാർജറുകളുമാണ് പവറിങ് ഫ്യൂച്ചർ 2023 പരിപാടിയിൽ പ്രദർശിപ്പിച്ചത്.തുടങ്ങിയിട്ട് വെറും രണ്ട് വർഷം മാത്രമേ ആയിട്ടുള്ളുവെങ്കിലും കേരളത്തിലെ ഇലക്ട്രിക്ക് ചാർജിങ് ശ്രിംഖല വിപുലീകരിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും വലിയ പങ്കുവഹിച്ച സംരംഭമാണ് ഗോ ഇ.സി. ലോകമെമ്പാടും വ്യാപകമാകുന്ന ഇലക്ട്രിക് വാഹനവിപ്ലവത്തിൽ ഇന്ത്യയിലൊട്ടാകെ സ്ഥാനമുറപ്പിക്കാനാണ് ഗോ ഇ.സി യുടെ ശ്രമമെന്ന് കമ്പനിയുടെ സഹസ്ഥാപകനും സി.ഇ.ഒയുമായ പിജി രാംനാഥ് പറഞ്ഞു. കേരളത്തിൽ ഏറ്റവുമധികം ഫ്രാഞ്ചൈസികളുള്ള ഇലക്ട്രിക് വാഹന ചാർജിങ് നെറ്റ്വർക്കാണ് ഗോ ഇ.സി. കേരളത്തിൽ സ്വകാര്യമേഖലയിൽ ഏറ്റവുമധികം ചാർജിങ് സ്റ്റേഷനുകൾ സ്വന്തമായുള്ളതും ഗോ ഇ.സിക്കാണ്.ഇലക്ട്രിക് വാഹനരംഗത്തെ ഭാവിയെക്കുറിച്ച് നടത്തിയ വിശദമായ പാനൽ ചർച്ചയിൽ വിദഗ്ധർ പങ്കെടുത്തു. മെർസീഡീസ് ബെൻസ് കോസ്റ്റൽ സ്റ്റാർ എംഡി തോമസ് അലക്സ്, ഓട്ടോമൊബൈൽ ജേർണലിസ്റ്റ് ബൈജു എൻ നായർ, നുമോസിറ്റി സഹസ്ഥാപകനും സിഇഒയുമായ രവികിരൺ അണ്ണസ്വാമി, ഡെൽറ്റയുടെ ഡയറക്ടർ ഓഫ് സെയിൽസ് നിഖിൽ ഗുപ്ത, യാഷ് ചിതലിയ, ആർഇഇഎസിന്റെ ചീഫ് എൻജിനിയർ പ്രസാദ് വിഎൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

പിജി രാംനാഥ് ആണ് ചർച്ച നയിച്ചത്.പ്രമുഖ നിക്ഷേപകരും ഇലക്ട്രിക് വാഹനങ്ങളോട് കമ്പമുള്ള നിരവധി വ്യക്തികളും ഇൻഫ്ലുവൻസർമാരും ഫ്രാഞ്ചൈസി ഉടമകളും ഉൾപ്പെടെ അനവധിയാളുകൾ പങ്കെടുത്തു. മികച്ച പ്രകടനം കാഴ്ചവെച്ച ഫ്രാഞ്ചൈസികൾക്കും, ഇലെക്ട്രിക് വാഹന ഉപഭോക്താക്കൾക്കും സുസ്ഥിര വാഹനഗതാഗതത്തിന് നൽകുന്ന സംഭാവനകൾ കണക്കിലെടുത്ത് പ്രത്യേക പുരസ്കാരങ്ങളും നൽകി ആദരിച്ചു.

# ഹാലോവീൻ ആഘോഷങ്ങളുമായി ഹയാത്ത് റീജൻസി

**തിരുവനന്തപുരം:** ഹാലോവീൻ നൈറ്റ് ആഘോഷങ്ങൾ സംഘടിപ്പിക്കാനൊരുങ്ങി ഹയാത്ത് റീജൻസി തിരുവനന്തപുരം. ഒക്ടോബർ 28ന് വൈകുന്നേരം 7 മണി മുതൽ രാത്രി 11 വരെ ഐവറി ക്ലബ്ബിലും 7 മണി മുതൽ രാത്രി 10:30 വരെ മലബാർ കഫേയിലുമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

ഹാലോവീൻ തീമിലുള്ള അലങ്കാരങ്ങൾ, വൈവിധ്യമാർന്ന ഭക്ഷണം, സ്പെഷ്യൽ ഡ്രിങ്കുകൾ, ഫേസ്പെയിന്റിംഗ് സെഷനുകൾ എന്നിവയാണ് പരിപാടിയുടെ മുഖ്യാകർഷണം. ഡാരിൽ ഗോൾബർട്ട് നയിക്കുന്ന സംഗീതനിശയും പരിപാടിയുടെ ഭാഗമായി നടക്കും.

അതിഥികൾ ഹാലോവീനിന് അനുയോജ്യമായ വസ്ത്രങ്ങൾ ധരിച്ചുവേണം പാർട്ടിയിൽ പങ്കെടുക്കാൻ. ഏറ്റവും മികച്ച ഹാലോവീൻ വസ്ത്രം ധരിക്കുന്നവർക്ക് രസകരമായ സമ്മാനങ്ങളും ഉണ്ടായിരിക്കും.

# സെല്ലോ വേൾഡ് ലിമിറ്റഡ് ഐ.പി.ഒ ഒക്ടോബർ 30ന്

**കൊച്ചി:** മുൻനിര ഗൃഹോപകരണ നിർമാതാക്കളായ സെല്ലോ വേൾഡ് ലിമിറ്റഡിന്റെ പ്രഥമ ഓഹരി വിൽപ്പന ഒക്ടോബർ 30ന് ആരംഭിക്കും. 617 മുതൽ 648 രൂപ വരെയാണ് പ്രതിഓഹരി വില. നിക്ഷേപകർക്ക് ചുരുങ്ങിയത് 23 ഓഹരികളോ ഇതിന്റെ മടങ്ങുകളോ ആയി വാങ്ങാം.

നവംബർ ഒന്നിന് വിൽപ്പന അവസാനിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.അഞ്ച് രൂപ മുഖവിലയിൽ, കമ്പനിയുടെ പ്രൊമോട്ടർമാരുടെ കൈവശമുള്ള ഇകിറ്റി ഓഹരികളാണ് ഐപിഒയിലൂടെ വിൽക്കുന്നത്. ഇതുവഴി 1900 കോടി സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. യോഗ്യതയുള്ള ജീവനക്കാർക്കായി ഒരു വിഭാഗം ഓഹരികൾ മാറ്റിവച്ചിരിക്കുന്നു. ഒരു ഓഹരിയിൽ 61 രൂപയുടെ ഇളവും ജീവനക്കാർക്ക് ലഭിക്കും. കൺസ്യൂമർ ഹൗസ്‌വെയർ, സ്റ്റേഷനറി, മോൾഡഡ് ഫർണിച്ചർ എന്നീ പ്രധാന വിഭാഗങ്ങളിലായി സെല്ലോ ബ്രാൻഡിൽ നിരവധി ഉൽപ്പന്ന ശ്രേണികളുള്ള കമ്പനി സെല്ലോ പ്ലാസ്റ്റിക് ഇൻഡസ്ട്രിയൽ വർക്സ് എന്ന പേരിൽ 1962 ലാണ് തുടങ്ങിയത്. 2023 സാമ്പത്തിക വർഷം 29.86 ശതമാനം വർധനയോടെ 285 കോടി രൂപയാണ് കമ്പനിയുടെ അറ്റാദായം.

# ജെബിഎൽ പെർഫെക്റ്റ് സൗണ്ട് ഫോർ എവരി മൂഡ്കാംപയിൻ അവതരിപ്പിക്കുന്നു



**കൊച്ചി :**ഹർമാനിൽ നിന്നുള്ള ജനപ്രിയ ഓഡിയോ ബ്രാൻഡായ ജെബിഎൽ, വരാനിരിക്കുന്ന അഖിലേന്ത്യാ തലത്തിലുള്ള ഉത്സവ ഉപഭോക്തൃ (ഡിജിറ്റൽ) കാമ്പെയ്ൻ പെർഫെക്റ്റ് സൗണ്ട് ഫോർ എവരി മൂഡ് അവതരിപ്പിക്കുന്നു. 50 ദിവസത്തെ ഡിജിറ്റൽ കാംപയിൻ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രവർത്തിക്കാൻ കഴിയുന്ന, ഒരു ജെബിഎൽ ആക്റ്റീവ് നോയ്സ് ക്യാൻസലേഷൻ ഹെഡ്ഫോൺ എങ്ങനെ ഉണ്ടെന്ന് എടുത്തുകാണിക്കുന്നതാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
CUSTOMER SATISFACTION 100% GUARANTEED
CERTIFIED ISO 9001 CERTIFIED
LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA

FACTORY : KERALA
Kairady PO, Palakkad
+ 91 9288022663